


# സനാതനധർമ്മാമൃതം


1. ഹിന്ദുധർമ്മത്തിന്റെ സവിശേഷത
2. ഏകദൈവവിശ്വാസവും ബഹുദേവതാരാധനയും
3. പ്രകൃത്യാരാധനയും പ്രകൃതി സംരക്ഷണവും
4. വിഗ്രഹാരാധനയും പ്രതീകാരാധനയും –
    1. ഹനുമാൻ
    2. ഗണപതി
    3. അയ്യപ്പൻ
    4. കാളീസങ്കല്പം
    5. നാഗാരാധന
    6. ശിവലിംഗം
5. ക്ഷേത്രങ്ങളുടെ ആവശ്യകത
6. ആചാരാനുഷ്ഠാനങ്ങളുടെ കാലിക പ്രസക്തി
7. വർണ്ണാശ്രമ വ്യവസ്ഥയിൽ സ്ത്രീയുടെ സ്ഥാനം
8. പുരാണകഥകൾ നവീനലോകത്തിൽ
9. അവതാരങ്ങൾ – ശ്രീരാമനും ശ്രീകൃഷ്ണനും
10. ഗുരുവും ഈശ്വരനും
11. മന്ത്രജപവും അർച്ചനയും
12. മതേതരത്വവും മതപരിവർത്തനവും

**1. ചോദ്യം: എല്ലാ മതങ്ങളും ഒരേ സത്യത്തിലേക്കല്ലേ ജനങ്ങളെ നയിക്കുന്നത്. മറ്റു മതങ്ങളെ അപേക്ഷിച്ച് ഹിന്ദുമതത്തിന് എന്തെങ്കിലും സവിശേഷത പറയാനുണ്ടോ?**

**അമ്മ:** ഏകവും പരമവുമായ സത്യത്തെ ദർശിച്ചവരാണ് ഋഷികൾ. അവരുടെ വാക്കിനോടൊപ്പം സത്യം വന്നുചേരുകയാണെന്നാണ് പറയുന്നത്. ത്രികാലജ്ഞരായ അവരുടെ ഓരോ വാക്കും വരാനിരിക്കുന്ന ജനതയെ കൂടി മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്. ഫ്രിഡ്ജ് വസ്തുക്കളെ തണുപ്പിക്കുന്നു. ഹീറ്റർ ചൂടാക്കുന്നു, ലൈറ്റ് വെളിച്ചം തരുന്നു. ഫാൻ കാറ്റ് തരുന്നു. എന്നാൽ ഇവയെ എല്ലാം പ്രവർത്തിപ്പിക്കുന്നത് ഒരേ കറന്റു തന്നെയാണ്. അവയുടെ പ്രവർത്തന സ്വഭാവവും പ്രയോജനവും വിലയും വ്യത്യസ്തമാണെന്നു കരുതി, ഒന്നിലെ കറന്റ് മറ്റൊന്നിനേക്കാൾ ശ്രേഷ്ഠമാണെന്നോ മോശമാണെന്നോ പറയുന്നതിൽ അർത്ഥമുണ്ടോ? ഉപാധി പലതെങ്കിലും കറന്റ് ഒന്നാണ് എന്ന് മനസ്സിലാക്കാൻ കഴിയണമെങ്കിൽ അതിന്റെ പിന്നിലെ ശാസ്ത്രം പഠിച്ചിരിക്കണം; ആ വിഷയത്തിൽ പ്രായോഗിക പരിചയവും ഉണ്ടായിരിക്കണം. അതു പോലെ പ്രപഞ്ചത്തിലെ ഓരോ വസ്തുവും ബാഹ്യമായി നോക്കുമ്പോൾ പലതായി തോന്നാമെങ്കിലും അവയിലെല്ലാം കുടി കൊള്ളുന്ന ആന്തരിക ചൈതന്യം ഒന്നു തന്നെയാണ്. അത് കാണാനുള്ള ജ്ഞാനദൃഷ്ടി സാധനയിലൂടെ നേടണം എന്നു മാത്രം. അതനുഭവിച്ചറിഞ്ഞ ഋഷീശ്വരന്മാർ, അവർ ദർശിച്ച സത്യം തലമുറകൾക്ക് കൈമാറി. ആ ആർഷദർശനമാണ് ഭാരതത്തിലെ സാമാന്യജനങ്ങളുടെ ജീവിതരീതിയ്ക്ക് രൂപം നൽകിയത്. ആ ഒരു സംസ്കാരം പിന്തുടർന്നവരെ മൊത്തത്തിൽ അന്യദേശക്കാർ വിളിച്ച പേരാണ് ഹിന്ദു എന്നത്. വാസ്തവത്തിലതൊരു മതമല്ല. കാരണം മതമെന്നാൽ ഒരുവന്റെ അഭിപ്രായമെന്നാണ് സാമാന്യമായ അർത്ഥം. ഈ സംസ്കാരമാകട്ടെ വിഭിന്നങ്ങളായ അനേക മതങ്ങളുടെ, വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്ന വിവിധ വീക്ഷണ കോണുകളിലൂടെ സത്യത്തെ ദർശിച്ച, അനേക ഋഷിമാരുടെ അനുഭവങ്ങൾ സമന്വയിച്ചതാണ്. അതിനാൽ ഏതെങ്കിലും ഒരു വ്യക്തി സൃഷ്ടിച്ച മതമല്ല ഹിന്ദുധർമ്മം. അതൊരു ഗ്രന്ഥത്തിൽ ഒതുങ്ങുന്ന തത്വമല്ല. സമഗ്രമായ ജീവിതദർശനമാണ്. മാറ്റമില്ലാത്ത ഒരാധാരത്തെ ആശ്രയിച്ച് വളരുകയും വികസിക്കുകയും പരിണമിക്കുകയും ചെയ്യുന്ന പ്രകൃതിയെപ്പോലെ നിത്യമാണത്.

ഒരാൾ ഒരു കണ്ടുപിടുത്തം നടത്തിയാൽ അത് എല്ലാവരാലും അംഗീകരിക്കപ്പെടണമെങ്കിൽ അയാൾ പറഞ്ഞ രീതിയിൽ പരീക്ഷണം ചെയ്തു നോക്കുന്നവർക്കെല്ലാം അതേ ഫലം കിട്ടണം. ലോകത്തിൽ എവിടെയും വേണ്ടത്ര യോഗ്യതയുള്ള ആർക്കും ഏതവസരത്തിലും അത് ചെയ്തു നോക്കാൻ കഴിയണം. മറ്റ് പല രീതിയിലുള്ള പരീക്ഷണങ്ങൾ കൊണ്ടും ആ തത്വം ഉറപ്പാക്കണം. അങ്ങനെയായാൽ അത് ഒരു ശാസ്ത്രതത്വമായി ലോകം അംഗീകരിക്കും. അത് മനുഷ്യരാശിയുടെ പുരോഗതിയ്ക്ക് സഹായകരമാകും. അതു പോലെ നിരവധി ഋഷീശ്വരന്മാർ പല മാർഗ്ഗങ്ങളിലൂടെ കണ്ടെത്തിയ സത്യം ഒന്നു തന്നെയാണെന്ന് പ്രഖ്യാപിക്കുന്നതായി ലോകത്തിൽ ഹൈന്ദവധർമ്മം മാത്രമേയുള്ളൂ എന്നാണ് അമ്മയ്ക്ക് തോന്നുന്നത്. അത് ആത്മസംബന്ധിയായ നിരവധി പരീക്ഷണ നിരീക്ഷണങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇന്നും വരാനിരിക്കുന്ന കാലങ്ങളിലും നടക്കാവുന്ന ഏതൊരു ആദ്ധ്യാത്മിക അന്വേഷണങ്ങൾ ഉൾക്കൊണ്ടു വളരാനും ഹൈന്ദവധർമ്മം സദാ തയ്യാറാണ്. അത്രമാത്രം വിശാലതയും കാലത്തെ കടന്നു നിൽക്കുന്ന കാഴ്ചപ്പാടും ഒരു മതത്തിന്റെ സ്വഭാവമല്ല. മതങ്ങൾ പലതും മുൻപൊരു കാലത്ത് ചില

പ്രത്യേക സാഹചര്യങ്ങളിൽ പ്രത്യേക ജനതയ്ക്ക് സത്യദർശനത്തിന് പ്രയോജനപ്പെടാനായി രൂപപ്പെടുത്തിയവയാണ്. കാലദേശങ്ങൾ മാറുമ്പോൾ, മനുഷ്യന്റെ ജീവിത ശൈലിയും ലോകത്തെയും മനസ്സിനേയും പറ്റിയുള്ള കാഴ്ചപ്പാടും മാറുമ്പോൾ, ആ മാറ്റം മതങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയാതെ പോകുന്നു. അങ്ങനെ വരുമ്പോൾ ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ ഉണ്ടായി വന്ന മതം തന്നെ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയാകുന്നു. ഏറ്റവും പ്രാചീനമായ ഹൈന്ദവധർമ്മം ഇന്നും നിത്യനൂതനതമായി നിലനില്ക്കുന്നെങ്കിൽ അതിന് കാരണം വേദകാലത്തിന് ശേഷമുണ്ടായി വന്ന മഹാത്മാക്കളുടെ ദർശനങ്ങളേയും ആധുനിക ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളേയും ഒരു പോലെ ഉൾക്കൊണ്ട് വളരാനതിന് കഴിഞ്ഞതു കൊണ്ടാണ്.

ലോകത്തുള്ളവരെല്ലാം ഒരേ അളവിലുള്ള ചെരുപ്പ് ധരിക്കണം, ഒരേ വലുപ്പത്തിലും ഫാഷനിലുമുള്ള വസ്ത്രം ധരിക്കണം, ഒരേ ആഹാരം കഴിക്കണം എന്നൊക്കെ വാശിപിടിക്കുന്നത് എത്രമാത്രം അപ്രായോഗികമാണോ അതു പോലെയാണ് ഒരേ ഗുരുവിനെ, ഒരേ പ്രവാചകനെ, ഒരേ ഗ്രന്ഥത്തെ എല്ലാവരും പിന്തുടരണമെന്ന് നിർബന്ധിക്കുന്നത്. കാലാവസ്ഥയും പരിസ്ഥിതിയും അനുസരിച്ച് കുട്ടികളും സ്ത്രീകളും പുരുഷന്മാരും ഒരോ ഋതുക്കളിലും ധരിക്കുന്നത് അവരവരുടെ അളവിലും ഫാഷനിലുമുള്ള വസ്ത്രങ്ങളും പാദരക്ഷകളും ആയിരിക്കും. ഹൈന്ദവധർമ്മത്തിൽ എല്ലാവർക്കും വേണ്ടി, ഒരേ അളവിലുള്ള കുപ്പായമല്ല തയ്യാറാക്കിയിട്ടുള്ളത്. ഒരാളുടെ തന്നെ വളർച്ചയനുസരിച്ച് ചിലപ്പോൾ കുപ്പായം മാറേണ്ടി വരും. പുതിയതായി വേണ്ടിവന്നാൽ അതിനനുസരിച്ച് പുതിയ കുപ്പായം തുന്നുകയും ചെയ്യാം. അതാണു മഹാത്മാക്കൾ ഓരോ കാലഘട്ടത്തിലും ഹിന്ദുധർമ്മത്തിനു നല്കുന്ന സംഭാവന. പഥ്യവും ദഹനശക്തിയും രുചിഭേദങ്ങളും അനുസരിച്ച് പലതരം ഭക്ഷണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ എല്ലാവർക്കും നല്ല ആരോഗ്യം നിലനിർത്താൻ കഴിയുകയുള്ളൂ. ഇതേപോലെ ഹിന്ദുധർമ്മത്തിൽ ആരാധനാസമ്പ്രദായം ഓരോരുത്തരുടെയും സംസ്കാരത്തിനനുസരിച്ചു വ്യത്യസ്ഥരീതികളിലാണ്. അവരവർക്കു യോജിച്ചതു് അവിടെനിന്നും സ്വീകരിക്കാം. ഇതുകാരണം, ഏത് സ്വഭാവക്കാർക്കും, ഏത് രീതി ഇഷ്ടപ്പെടുന്നവർക്കും വേണ്ടുന്നത് ഹിന്ദുമതത്തിൽ നിന്നും ലഭിക്കും. കണക്കിൽ താല്പര്യമുള്ളവന് അതുമായി ബന്ധപ്പെട്ട വിഷയം വേഗം പഠിക്കാൻ കഴിയും. മറിച്ച് അയാളെ സാഹിത്യമോ സംഗീതമോ പഠിപ്പിക്കാൻ ശ്രമിച്ചാൽ വിജയിക്കണമെന്നില്ല, അതു പോലെ ഓരോരുത്തർക്കും അവരവരുടെ സംസ്കാരം അനുസരിച്ചുള്ള സാധനാ പദ്ധതിയാണ് നൽകേണ്ടത്. മറിച്ച് എല്ലാവർക്കും ഒരു വഴിയേ പാടുള്ളൂ എന്നു പറഞ്ഞാൽ ആദ്ധ്യാത്മിക പുരോഗതിക്ക് അത് അവരെ സഹായിക്കില്ല. ഒരു താക്കോൽ കൊണ്ട് എല്ലാ പെട്ടികളും തുറക്കാൻ കഴിയില്ല. അതു പോലെ നമ്മുടെ മനസ്സ് തുറക്കണമെങ്കിലും അവനവന്റെ അറിവിനും സംസ്കാരത്തിനും ഇണങ്ങുന്ന മാർഗ്ഗം വേണം. ഒരു നദി ഒരേ വഴിയിലൂടെ ഒഴുകിയാൽ എത്ര പേർക്കായിരിക്കും ഗുണമുണ്ടാവുക? അതേ നദി പല കൈവഴികളിലായി ഒഴുകുമ്പോൾ കരകളിൽ താമസിക്കുന്ന കൂടുതൽ ആളുകൾക്കു പ്രയോജനം ലഭിക്കുന്നു. ഇതേപോലെ ഗുരുക്കന്മാർ പല മാർഗ്ഗങ്ങൾ ഉപദേശിക്കുന്നതുകൊണ്ടു കൂടുതൽ ആളുകളെ ഉൾക്കൊള്ളുവാൻ കഴിയുന്നു. ഓരോരുത്തരുടേയും കഴിവും ഭാവവും, സംസ്കാരവും എല്ലാം നോക്കിയാണ് ഗുരുക്കന്മാർ അവർക്ക് ഏത് മാർഗ്ഗമാണ് വേണ്ടതെന്ന് നിശ്ചയിക്കുന്നത്. മാർഗ്ഗങ്ങൾ എത്ര വിഭിന്നങ്ങളാണെങ്കിലും ലക്ഷ്യം ഒന്നുതന്നെ;

പരമസത്യം ഒന്നുതന്നെ. 'അസതോ മാ സത്ഗമയ, തമസോ മാ ജ്യോതിർ ഗമയ, മൃത്യോർ മാ അമൃതംഗമയ' 'പൂർണ്ണമദഃ പൂർണ്ണമിദം' ഇതൊക്കെയാണ് ഋഷീശ്വരന്മാർ ലോകത്തിന് നൽകിയിട്ടുള്ള മന്ത്രങ്ങൾ. അവയിൽ ഏതെങ്കിലും വിഭാഗീയ ചിന്തയുടെ കണിക പോലും കാണാൻ കഴിയില്ല.

ആദ്ധ്യാത്മികതയിലെ ഒരു സൂപ്പർ മാർക്കറ്റാണ് ഹൈന്ദവധർമ്മം എന്നു പറയാം. കാരണം അവിടെ കിട്ടാത്തതായി യാതൊന്നുമില്ല. അവിടെയില്ലാത്തത് മറ്റെങ്ങും കിട്ടുകയില്ല. അവിടെ ഒരു മാർഗ്ഗവും ആരേയും അടിച്ചേൽപ്പിക്കുന്നില്ല. ഏത് മാർഗ്ഗം തിരഞ്ഞെടുക്കുവാനോ സ്വന്തമായ ഒരു പാത വെട്ടിത്തെളിയ്ക്കാനോ ഉള്ള സ്വാതന്ത്ര്യം അത് നൽകുന്നുണ്ട്. ഈശ്വരനേയോ വേദങ്ങളേയോ വിശ്വസിക്കാനും, വിശ്വസിക്കാതിരിക്കാനും ഉള്ള സ്വാതന്ത്ര്യം ഹിന്ദുധർമ്മത്തിലുണ്ട്. മനുഷ്യന്റെ ആത്യന്തികമായ ദുഃഖനിവൃത്തിയാണ് മോക്ഷമെന്ന് പറയുന്നത്. അക്കാര്യത്തിൽ ഭാരതത്തിൽ ആർക്കും അഭിപ്രായവ്യത്യാസം ഇല്ല. എന്നാൽ അതെങ്ങനെ നേടാം എന്നതിന് അവരവർ അനുവർത്തിച്ച മാർഗ്ഗത്തെ ഓരോരുത്തരും ശാസ്ത്രീയമായി അപഗ്രഥിച്ച് തങ്ങളുടെ ശിഷ്യന്മാരെ പഠിപ്പിച്ചതാണ് പില്ക്കാലത്ത് വിവിധ ശാസ്ത്രങ്ങളായി മാറിയത്. ഇവിടെ എല്ലാ ശാഖയിലും ശാസ്ത്രങ്ങളുണ്ടായി വന്നിട്ടുണ്ട്. വേദാന്തശാസ്ത്രം പോലെ തന്നെ ഗണിതശാസ്ത്രമുണ്ട്, ജ്യോതിശ്ശാസ്ത്രമുണ്ട്, കാമശാസ്ത്രമുണ്ട്, ആരോഗ്യശാസ്ത്രമുണ്ട്, ഉച്ചാരണത്തിനും വ്യാകരണത്തിനും ശാസ്ത്രമുണ്ട്. അവ ഓരോന്നും ലക്ഷ്യമാക്കുന്നത് മോക്ഷം തന്നെയാണ് എന്നതാണ് ഏറ്റവും ശ്രദ്ധേയമായത്. പൂർണ്ണമായ ഏകാഗ്രതയോടെ, സമർപ്പണത്തോടെ, പാട്ട് പാടിയാൽ, നൃത്തം ചെയ്താൽ, വ്യാകരണം പഠിച്ചാൽ, ചികിത്സിച്ചാൽ എന്നു വേണ്ട എന്തു വഴിക്കും മോക്ഷം നേടാമെന്ന് ഇത്ര ശാസ്ത്രീയമായി വിവരിക്കുന്ന ഗ്രന്ഥങ്ങൾ ലോകത്തിൽ മറ്റെവിടെയും ഉണ്ടായിട്ടില്ല. അതായത് ഈ ശാസ്ത്രങ്ങൾ എല്ലാം തന്നെ ആദ്ധ്യാത്മികതയുടെ അടിത്തറയിൽ പടുത്തുയർത്തിയവയാണ്. അവ ആരുടേയും സ്വാർത്ഥതാല്പര്യങ്ങൾ വളർത്താനോ പോഷിപ്പിക്കാനോ ഉണ്ടായവയല്ല.

ആധുനിക കാലത്ത് ആണവശാസ്ത്രവും സാമ്പത്തിക ശാസ്ത്രവും വൈദ്യശാസ്ത്രവും മറ്റും മനുഷ്യരിൽ ചിലർക്ക് നന്മ ചെയ്തിട്ടുള്ളതു പോലെ തന്നെ മറ്റ് പലർക്കും, പ്രത്യേകിച്ച് ദരിദ്രർക്കും ആദിവാസികൾക്കും മറ്റും, കഷ്ടങ്ങളും വരുത്തി വച്ചതായി നമ്മൾ കാണുന്നുണ്ട്. ആദ്ധ്യാത്മിക ശാസ്ത്രം മനുഷ്യന് ദുരന്തമായിത്തീരാതിരിക്കാൻ ഋഷിമാർ രൂപപ്പെടുത്തിയവയാണ് ധർമ്മശാസ്ത്രങ്ങൾ. ഉപനിഷത് സത്യങ്ങൾ ഉൾക്കൊള്ളാനുള്ള കുർമ്മബുദ്ധിയും ചിത്തശുദ്ധിയും ആർജ്ജിക്കാൻ കഴിയാത്ത സാധാരണക്കാരന് മനസ്സിലാക്കാൻ തക്ക വിധം ധർമ്മതത്വങ്ങൾ പുരാണകഥകളായും ഇതിഹാസങ്ങളായും ഈ മണ്ണിൽ പ്രചരിച്ചു. ശ്രീരാമനേക്കാൾ കഠിനതപസ്സു ചെയ്ത് ത്രിലോകാധിപനായി മാറിയ രാവണൻ ഭോഗാസക്തി കൊണ്ട് നാശമടഞ്ഞതും രാമൻ ത്യാഗം കൊണ്ട് വിജയം നേടിയതും മറ്റും കഥകളിലൂടെ കേട്ടും വായിച്ചും കലാരൂപങ്ങളിലൂടെ കണ്ടും ഒരു ജനതയുടെ രക്തവും മാംസവുമായി മാറിയതു കൊണ്ടാണ് ഹിംസയും അക്രമവും കൊണ്ട് ലോകം പിടിച്ചടക്കിയ ഭൗതിക സംസ്കാരത്തിന്റെ വേലിയേറ്റത്തിലും ഈ മണ്ണിൽ ധർമ്മത്തിന്റെ പച്ചപ്പ് നഷ്ടമാകാതിരുന്നത്.

എന്നാൽ അതേ സമയം അർജ്ജുനന് രഥം തെളിച്ച, ഗീത ഉപദേശിച്ച ഭഗവാൻ തന്റെ പരമഭക്തന്മാരായ പാണ്ഡവർക്കു വേണ്ടി ആയുധമെടുത്ത് യുദ്ധം ചെയ്തില്ലെന്ന കാര്യം പിൻതലമുറ മറന്നു. സ്വധർമ്മം അവനവൻ തന്നെ നിർവ്വഹിക്കാനുള്ള മാർഗ്ഗദർശനം

നൽകുക മാത്രമാണ് ശ്രീകൃഷ്ണൻ ചെയ്തത്. ധർമ്മമെന്നത് ഭീരുവിനുള്ളതല്ല, ധീരന് മാത്രം അനുഷ്ഠിക്കാൻ കഴിയുന്നതാണെന്ന് ഇവിടുത്തെ ജനങ്ങൾ മറന്നു. ഇതു മനസ്സിലാക്കാതെ ആക്രമണകാരികളെ ചെറുക്കുകയെന്ന സാമൂഹ്യ ധർമ്മം മറന്ന് ഭഗവാൻ വന്ന് ശത്രുക്കളോട് യുദ്ധം ചെയ്തുകൊള്ളുമെന്ന അലസമായ, താമസികമായ അന്ധവിശ്വാസത്തിൽ അവർ മുഴുകിക്കിടന്നതു കൊണ്ടാണ് ഭാരതത്തിന് ദീർഘകാലം വിദേശാധിപത്യത്തിൻ കീഴിൽ കഴിയേണ്ടി വന്നത്. അത് ഹിന്ദുധർമ്മത്തിന്റെ കുറ്റമോ കുറവോ ആയിരുന്നില്ല. അതിനെ വേണ്ടതു പോലെ ഉൾക്കൊള്ളാൻ ഒരു തലമുറയ്ക്ക് കഴിയാതെ പോയതാണ്.

വിഗ്രഹാരാധനയിൽ തുടങ്ങി വളർന്ന് പ്രപഞ്ചത്തിൽ ആസകലം ഈശ്വരനെ ദർശിക്കാനും താനും ഈശ്വരനും അഭിന്നമാണെന്ന ആത്യന്തികാനുഭവത്തിലെത്തിയ്ക്കാനും ഇവിടെ വഴിയൊരുക്കിയിട്ടിട്ടുണ്ട്. മറ്റു മതങ്ങളെപ്പോലും ഏക ലക്ഷ്യത്തിലേക്കുള്ള യാത്രയുടെ വിവിധ പടവുകളാണെന്നു മാത്രമാണ് ഹിന്ദുധർമ്മം കണക്കാക്കുന്നത്. അത് ഒന്നിനെയും നിഷേധിക്കുന്നില്ല. ചുരുക്കത്തിൽ ഹിന്ദുവിന് അന്യമതമെന്നൊന്നില്ല. അങ്ങനെയൊരു സങ്കല്പം തന്നെ വൈദേശികമാണ്. അതു കൊണ്ടു തന്നെ ബൗദ്ധം, ജൈനം, ചാർവാകം, ശൈവം, ശാക്തേയം, എന്നിങ്ങനെ വിവിധ സമ്പ്രദായങ്ങളെ പറ്റി വിശദമായി ചർച്ച ചെയ്യുന്ന നമ്മുടെ ആചാര്യന്മാർ ഒരിക്കലും ഹിന്ദുമതം എന്നൊന്നിനെ വേറിട്ട് എടുത്തു പറഞ്ഞിട്ടില്ല. യഹൂദമതവും ക്രിസ്തുമതവും ഇസ്ലാം മതവും ആദ്യകാലം മുതൽക്കു തന്നെ ഇവിടെ ഈശ്വരനിലേക്കുള്ള മറ്റ് പാതകൾക്കൊപ്പം സ്വീകരിക്കപ്പെട്ടിരുന്നു. മഹാത്മാക്കൾ ഏതു മതത്തിലോ സമുദായത്തിലോ പെട്ടവരായിക്കൊള്ളട്ടെ, അവരെ ഭാരതീയസമൂഹം എന്നും ഒരേപോലെ ആദരിച്ചിരുന്നു. ശിർഡി ബാബയേയോ കബീറിനെയോ ഗുരുവായി സ്വീകരിച്ചതു കൊണ്ടോ എരുമേലി പള്ളിയിൽ പേട്ട തുള്ളിയതു കൊണ്ടോ ഒരാളും ഹിന്ദുധർമ്മത്തിൽ നിന്ന് പുറന്തള്ളപ്പെട്ടിട്ടില്ല. മുസ്ലീം, ക്രിസ്ത്യൻ സമുദായക്കാർക്ക് പല ക്ഷേത്രോത്സവങ്ങളിലും വിശേഷ അവകാശങ്ങൾ അനുവദിച്ചിരുന്നു. ഇങ്ങനെയൊരു കാര്യം ലോകത്തിൽ മറ്റൊരു രാജ്യത്തും ഉണ്ടായിട്ടുള്ളതായി ചൂണ്ടിക്കാണിക്കാൻ കഴിയില്ല. എന്നാൽ പിൽക്കാലത്ത് ബുദ്ധന്റെയും നാനാക്കിന്റെയും മഹാവീരന്റെയും മറ്റും ശിഷ്യപരമ്പരയിൽ പെട്ടവരും അന്യദേശക്കാരും തങ്ങളുടേത് പ്രത്യേക മതങ്ങളാണെന്ന ചിന്താഗതി വളർത്തി. അവർ ഹിന്ദുക്കളെ അന്യരായി കാണാൻ തുടങ്ങി. ഇന്നിപ്പോൾ ഹിന്ദുക്കളിൽ തന്നെ ഓരോ വിഭാഗക്കാരും തങ്ങൾ ഹിന്ദുക്കളല്ല എന്ന് പറയുന്നതിൽ പരസ്പരം മത്സരിക്കുന്നിടത്തു വരെ കാര്യങ്ങൾ എത്തി നിൽക്കുന്നു.

സാമൂഹ്യമായ യാതൊരു പദവിയോ സുഖസൗകര്യങ്ങളോ ആഗ്രഹിക്കാത്ത നിസ്വാർത്ഥരായ ഋഷികൾ കാരുണ്യം കൊണ്ട് ലോകത്തിനാകെയായി നൽകിയ ഈ അനശ്വര സമ്പത്ത് വായുവും വെള്ളവും പോലും വിറ്റ് ലാഭമുണ്ടാക്കാൻ നോക്കുന്ന ഇന്നത്തെ ലോകത്തിൽ മറ്റൊരു വില്പനച്ചരക്കായി മാറിയാൽ അത് മനുഷ്യരാശിയുടെ മഹാദുരന്തമായിരിക്കും. ഹിന്ദുധർമ്മം ആരുടേയും കുത്തകയല്ല, ആർക്കുമത് അന്യവുമല്ല. ആർക്കും അത് എതിരല്ല. ആരെയും അത് ഉപേക്ഷിക്കുന്നില്ല. ആരുടെയും വിശ്വാസമോ തത്വസംഹിതയോ ഉപേക്ഷിക്കാനോ മാറ്റാനോ ഹിന്ദുധർമ്മം അനുശാസിക്കുന്നില്ലെന്ന് മാത്രമല്ല, ഒരുവന്റെ വിശ്വാസം തകർക്കുന്നത് അധർമ്മമായി കാണുകയും ചെയ്യുന്നു. ഏതൊരു മതക്കാർക്കും അവരവരുടെ മതതത്വം കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ ഹിന്ദുധർമ്മശാസ്ത്രങ്ങൾ ഉപകരിക്കും. എന്നു മാത്രമല്ല,

ഏതൊരു മതക്കാർക്കും അവരവരുടെ വിശ്വാസത്തിൽ ഉറച്ചു നിന്ന് അവരുടെ ഗുരുവോ പ്രവാചകനോ പറയുന്ന ലക്ഷ്യം നേടാൻ ഈ ധർമ്മശാസ്ത്രങ്ങളിൽ നിന്ന് ആവശ്യമായവ ജീവിതത്തിൽ പകർത്തുന്നത് ഒന്നുകൂടി സഹായിക്കുകയേ ഉള്ളൂ. കർമ്മയോഗവും ഭക്തിയോഗവും ജ്ഞാനയോഗവും എല്ലാം തന്നെ ഇന്നത്തെ കാലഘട്ടത്തിനും ജീവിതരീതിയ്ക്കും അനുപൂരകമായി ഏതു മതവിശ്വാസിക്കും അനുഷ്ഠിക്കാവുന്നതാണ്. അതിനാൽ ആരോഗ്യശാസ്ത്രവും മനശ്ശാസ്ത്രവും സാമൂഹ്യശാസ്ത്രവും ഒക്കെ പോലെ തന്നെ ഹൈന്ദവധർമ്മവും ശരിയായി മനസ്സിലാക്കുകയെന്നത് മനുഷ്യരാശിയുടെ ആകെ ശ്രേയസ്സിനും പ്രേയസ്സിനും ഐക്യത്തിനും അത്യന്താപേക്ഷിതമാണ്.

**ചോദ്യം: ഹിന്ദുമതത്തിൽ സ്ത്രീകൾക്ക് ഉയർന്ന സ്ഥാനം കല്പിച്ചിരുന്നെങ്കിൽ വേദങ്ങളിലും പുരാണങ്ങളിലും മറ്റും അവരെ ശൂദ്രർക്കു തുല്യമായിട്ട് പരിഗണിച്ചിരിക്കുന്നത് എന്തുകൊണ്ടാണ്? വേദപഠനത്തിലും യാഗാദി കർമ്മങ്ങളിലും എന്തിന് സന്യാസവൃത്തി കൈക്കൊള്ളുന്നതിനു പോലും അവർക്ക് പുരുഷന്മാരോട് തുല്യത നൽകിക്കാണുന്നില്ലല്ലോ.**

മക്കളെ, ആദ്ധ്യാത്മികം മൊത്തത്തിൽ എടുത്താൽ സത്യസാക്ഷാത്ക്കാരത്തിന് മൂന്നേ മൂന്ന് വഴികളാണുള്ളത്. ഒന്ന് എല്ലാത്തിനേയും ഈശ്വരപ്രസാദമായി കണ്ട് സ്വീകരിക്കുന്ന ഭക്തിയുടെ മാർഗ്ഗം. പിന്നൊന്ന് ഞാനെന്നും എന്റേതെന്നുമുള്ള എല്ലാ ഭാവനകളേയും പൂർണ്ണമായി ത്യജിക്കുന്ന ജ്ഞാനത്തിന്റെ അല്ലെങ്കിൽ സന്യാസത്തിന്റെ, മാർഗ്ഗം. പിന്നൊന്നുള്ളത് നിത്യാനിത്യവിവേകം ചെയ്ത് ചിലതിനെ സ്വീകരിക്കുകയും മറ്റ് ചിലതിനെ ത്യജിക്കുകയും ചെയ്യുന്ന കർമ്മയോഗമാർഗ്ഗം. (ഒന്ന് എല്ലാ സാഹചര്യങ്ങളോടും "യെസ്" പറയുന്നത്. പിന്നൊന്ന് ലൗകികമായ എല്ലാത്തിനോടും "നോ" പറയുന്നത്. മൂന്നാമത്തേത് വേണ്ടിടത്ത് "യെസും" വേണ്ടാത്തിടത്ത് "നോ"യും പറയുന്നത്)

**ചോദ്യം– മൃഗങ്ങളെയും പക്ഷികളെയും ആരാധിക്കുക തുടങ്ങി ഹിന്ദുമതത്തിലെ മിക്ക ആചാരങ്ങളും പ്രാകൃതമല്ലേ?**

**അമ്മ:** ഹിന്ദുമതത്തിൽ ചിലന്തിക്കു ക്ഷേത്രമുണ്ട്. പക്ഷിക്കു ക്ഷേത്രമുണ്ട്. ഗൗളിക്കു ക്ഷേത്രമുണ്ട്.

ഒറ്റ നോട്ടത്തിൽ പ്രാകൃതമെന്നു തോന്നുന്ന പല ആചാരങ്ങളെയും സൂക്ഷ്മമായി പഠിച്ചാൽ അവയ്ക്കു പിന്നിൽ മഹത്തായ ആദർശങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും ഉണ്ടെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും. കാര്യങ്ങളെ സൂക്ഷ്മമായി മനസ്സിലാക്കാത്തതു കൊണ്ടാണു ഹിന്ദുമതം പ്രാകൃതമാണെന്നു തോന്നുന്നത്. ഏതു കാലഘട്ടത്തിനും അനുയോജ്യവും മനുഷ്യന്റെ ഏതു വികാസത്തെയും ഉൾക്കൊള്ളുവാൻ പര്യാപ്തവും ആണ് ഹിന്ദുമതം. അത്ര വിശാലമാണു് അതിന്റെ ഹൃദയം.

ഹിന്ദുമതം അനുസരിച്ചു സമസ്തപ്രകൃതിയും ഈശ്വരന്റെ മൂർത്തരൂപമാണ്. പ്രകൃതിയിലെ സർവ്വ വസ്തുക്കളിലും ഈശ്വരചൈതന്യം നിറഞ്ഞു നില്ക്കുന്നു. അതിനാൽ പക്ഷികളെ, മൃഗങ്ങളെ, വൃക്ഷങ്ങളെ, മലകളെ, നദികളെ, കാടുകളെ – സർവ്വചരാചരങ്ങളെയും ആദരിക്കുക ആരാധിക്കുക എന്നതു് ഇവിടുത്തെ സംസ്കാരമായി തീർന്നു. ആരാധിക്കാൻ പാടില്ലാത്തതായി ഈ പ്രപഞ്ചത്തിൽ യാതൊന്നും തന്നെയില്ല എന്നാണ് ഹിന്ദുമതം പഠിപ്പിക്കുന്നത്.

ഈ പ്രപഞ്ചം ഈശ്വരന്റെ സൃഷ്ടിയാണ്, ഈശ്വരൻ പൂർണ്ണനാണെങ്കിൽ അവിടുത്തെ സൃഷ്ടിയും പൂർണ്ണമാണ്. ഒരു ദീപത്തിൽ നിന്നും ആയിരം ദീപങ്ങൾ കൊളുത്തിയാൽ ആദ്യ ദീപംപോലെ തന്നെ ആയിരം ദീപങ്ങളും പൂർണ്ണമാണ്. അവയിൽ ഏതിനെയാണു് അപൂർണ്ണമാണെന്ന് പറഞ്ഞ് നമുക്കു മാറ്റിവയ്ക്കാൻ കഴിയുക? അങ്ങിനെ നോക്കുമ്പോൾ ഈശ്വരൻ നിറഞ്ഞു നില്ക്കുന്ന, ഈ പ്രപഞ്ചത്തിലെ ഒന്നിനെയും നമുക്കു നീചം, നികൃഷ്ടം എന്നു പറഞ്ഞു നീക്കിനിർത്താനാവില്ല. പക്ഷെ, ആ പൂർണ്ണത കാണുവാൻ കണ്ണുണ്ടാവണം എന്നുമാത്രം. ഭാഗവതത്തിൽ ഇരുപത്തിനാല് ഗുരുക്കന്മാരുടെ കഥ പറയുന്നുണ്ട്. വലുതിൽനിന്നും ചെറുതിൽനിന്നും എല്ലാം നമുക്കു പാഠം പഠിക്കുവാനുണ്ട്. തുറന്ന മനസ്സും നിഷ്കളങ്കതയും ഉണ്ടെങ്കിൽ ഏതിൽനിന്നും

പുഴുവിൽനിന്നും പാമ്പിൽനിന്നുപോലും നമുക്കു പാഠങ്ങൾ പഠിക്കാൻ കഴിയും. സകലതും നമ്മുടെ ഗുരുക്കന്മാരായിത്തീരും.

മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണ്. പക്ഷികൾ, വൃക്ഷങ്ങൾ, മൃഗങ്ങൾ അങ്ങനെ എല്ലാമായി നമ്മുടെ പ്രാണൻ അഭേദമായി ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതം അവയുടെ ജീവിതവുമായി താളലയത്തിൽ വർത്തിക്കുമ്പോഴാണു് ആരോഗ്യപൂർണ്ണമായ ഒരു ജീവിതം നമുക്കു സാദ്ധ്യമാകുന്നത്. പ്രകൃതിയിലെ സർവ്വചരാചരങ്ങളും പരസ്പരാശ്രയത്ത്വത്തിലാണു നിലകൊള്ളുന്നത്. വൃക്ഷങ്ങളുടെ വേര് ഭൂമിയിൽനിന്നും വെള്ളവും വളവും വലിച്ചെടുക്കുന്നു. അവയുടെ ഇലകൾ സൂര്യപ്രകാശത്തിന്റെയും വായുവിന്റെയും സഹായത്താൽ ആഹാരമാക്കി മാറ്റുന്നു. ആ ചെടികളിൽനിന്നും വൃക്ഷങ്ങളിൽനിന്നുമാണു പക്ഷിമൃഗാദികൾക്കും മനുഷ്യനും ആഹാരം ലഭിക്കുന്നത്. നാം ശ്വസിക്കുന്ന വായു ശുദ്ധീകരിക്കണമെങ്കിൽ വൃക്ഷലതാദികൾ ആവശ്യമാണ്. പ്രകൃതിയിൽ വൃക്ഷലതാദികളും പക്ഷിമൃഗാദികളും നിലനില്ക്കുന്നതുകൊണ്ടാണു മനുഷ്യൻ ജീവിക്കുന്നത്. അവയില്ലെങ്കിൽ മനുഷ്യനില്ല, മനുഷ്യസംസ്കാരമില്ല. പ്രകൃതിയെ മുഴുവൻ ഒരൊറ്റ വൃക്ഷമായി കരുതിയാൽ അതിലെ വേരുകളും ഇലകളും ശാഖകളും പൂക്കളും കായ്കനികളുമാണു് ഓരോ ജീവജാലങ്ങളും എന്നു പറയാം. എല്ലാം ഒത്തുചേർന്നാലേ പൂർണ്ണതയാകൂ. ഏതെങ്കിലും ഒരു ജീവവർഗ്ഗത്തിനു വംശനാശം സംഭവിക്കുമ്പോൾ അതിന്റേതായ കുറവു് ഇവിടെയുണ്ടാകുന്നു. അതിന്റെ ഭവിഷ്യത്തു നാം അനുഭവിക്കേണ്ടതായി വരുന്നു. ഒരുപക്ഷേ പ്രത്യക്ഷത്തിൽ ഇതറിയാൻ അല്പം കാലതാമസം നേരിട്ടേക്കാം. സർവ്വചരാചരങ്ങളുമടങ്ങുന്ന പ്രപഞ്ചം ഒരു സമതുലിതാവസ്ഥയിലാണ്. ആ സമതുലിതാവസ്ഥ, ആ താളലയം മനുഷ്യൻ തെറ്റിക്കാൻ പാടില്ല. നമ്മുടെ ആരോഗ്യപൂർണ്ണമായ നിലനില്പിനു് എല്ലാ ജീവജാലങ്ങളുടെയും ആരോഗ്യപൂർണ്ണമായ നിലനില്പു് ആവശ്യമാണ്.

ഈ സത്യം മനസ്സിലാക്കുമ്പോൾ നമ്മളിൽ ചുറ്റുമുള്ള സർവ്വജീവജാലങ്ങളോടും സർവ്വചരാചരങ്ങളാടും സ്നേഹഭാവം ഉണരും. ചുറ്റുമുള്ള പ്രകൃതിയോടും ജീവജാലങ്ങളോടും സ്നേഹം വളരുമ്പോൾ നമ്മുടെ ഹൃദയം വിശാലമാകും.

സ്നേഹമാണു് അടിസ്ഥാനമായി വേണ്ടത്. സ്നേഹമുള്ളവരെക്കുറിച്ചു നാമെപ്പോഴും ചിന്തിക്കും. സ്നേഹം കവിഞ്ഞൊഴുകുമ്പോൾ നമുക്കു് ഒരു നിമിഷം അവരിൽനിന്നു് അകന്നു നില്ക്കാനാവില്ല. നാം സ്നേഹിക്കുന്നവർ നമ്മിൽ നിന്നന്യമല്ല എന്ന ഭാവം നമ്മളിൽ വളരും. സ്നേഹം വന്നാൽ മനുഷ്യരോടു മാത്രമല്ല പക്ഷി മൃഗാദികളോടും നദിയോടും മലയോടും സംസാരിക്കും. ഒരു പൂവിനോട് സംസാരിക്കാൻ കഴിയും, ആകാശത്തോടു സംസാരിക്കാൻ കഴിയും, ചന്ദ്രനോടു സംസാരിക്കാൻ കഴിയും. ഹൃദയത്തിൽ സ്നേഹം നിറയുമ്പോൾ ചുറ്റുമുള്ള എന്തിലും ജീവൻ തുടിക്കുന്നതായി അനുഭവപ്പെടും. സ്നേഹം വരുമ്പോൾ ഈ ഭൂമിയിൽപ്പോലും ചവിട്ടാൻ തോന്നില്ല. നോവും നോവും എന്ന ചിന്ത വരും. പക്ഷിമൃഗാദികളുടെ ഹൃദയം നമുക്കു മനസ്സിലാകും. നമ്മുടെ ഹൃദയം അവയും മനസ്സിലാക്കുന്നു എന്നും നമ്മൾ അറിയും. സ്നേഹത്തിനു പ്രത്യേക ഭാഷയില്ല. ഹൃദയത്തിന്റെ ഭാഷയാണു് അതു സംസാരിക്കുന്നത്.

സമസ്തപ്രാണികളോടുമുള്ള സ്നേഹത്തിലൂടെ നമ്മുടെ ഹൃദയം വിശാലമാകുന്നു. സർവ്വതിലും ഈശ്വരചൈതന്യം വിളങ്ങുന്നതു നമുക്കു പ്രത്യക്ഷമായി അനുഭവിക്കാൻ കഴിയും. നമുക്കു ചുറ്റുമുള്ള ഓരോന്നിനെയും ഈശ്വരന്റെ പ്രതിരൂപമായി നാം ദർശിക്കാൻ തുടങ്ങും. അപ്പോൾ സ്നേഹം പ്രേമമായും പ്രേമം ആരാധനയായും വികസിക്കും. ഒന്നിനെയും നമ്മളിൽനിന്നന്യമായി കാണാൻ കഴിയില്ല. ആ

അനുഭൂതിയിൽ എത്തിയതുകൊണ്ടാണു പൂർവ്വാചാര്യന്മാർ ‘രേ രേ സുഖം ബ്രഹ്മമയം’ എന്നു പാടിയത്.

ഈ ദർശനം ഹിന്ദുമതത്തിന്റെ നമ്മുടെ സംസ്കാരത്തിന്റെ അന്തർധാരയാണ്. അതുകൊണ്ടാണു നാം സർവ്വജീവരാശികളോടും സ്നേഹം പുലർത്തുന്നതിന് ഇത്ര പ്രാധാന്യം കല്പിച്ചത്. നമ്മുടെ മന്ത്രം തന്നെ “ലോകാഃ സമസ്താഃ സുഖിനോ ഭവന്തു” എന്നാണ്. മറ്റേതെങ്കിലും ഒരു മതത്തിൽ ഇങ്ങിനെയൊരു മന്ത്രമുണ്ടോയെന്ന് സംശയമാണ്. സമസ്ത ലോകങ്ങളിലെയും ജീവരാശികൾക്ക് സൗഖ്യം ഉണ്ടാകട്ടെ എന്നാണ് അതിന്റെ അർത്ഥം. അതിൽ ആരെയും ഒഴിവാക്കിയിട്ടില്ല. കടികൊണ്ടാൽ മരണം ഉറപ്പു തരുന്ന ഉഗ്രവിഷമുള്ള പാമ്പിനും സൗഖ്യമുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നതിൽ ഹിന്ദുമതത്തിലെ ആചാര്യന്മാർക്ക് മടിയുണ്ടായില്ല.

ആ പാമ്പിനും തന്നെപ്പോലെ തന്നെ ജീവനുണ്ടെന്നും അതിന്റെ ഹൃദയത്തിൽ കുടികൊള്ളുന്നതും തന്നിലെ തന്നെ ചൈതന്യമാണെന്നും തന്റെ ജീവൻപോലെത്തന്നെ അതിന്റെ ജീവനും മഹത്താണെന്നും അവരറിഞ്ഞു. ഇതോടൊപ്പം പരിസ്ഥിതിയുടെ തുലനാവസ്ഥ നിലനിർത്തുന്നതിൽ ഒരോ ജീവിക്കുമുള്ള പ്രാധാന്യം അവർ തിരിച്ചറിഞ്ഞിരുന്നു. അതിനാലാണ് പാമ്പുകളേയും മറ്റു ജീവജാലങ്ങളെയും കാവുകളേയും വൃക്ഷങ്ങളേയും മറ്റും ആചാരത്തിന്റെ ഭാഗമായി സംരക്ഷിക്കുന്നതിന് പ്രത്യേക വിധികൾ നമ്മുടെ പൂർവ്വികർ നിശ്ചയിച്ചിരുന്നത്.

കാവുകളിൽ പാമ്പുകൾക്ക് കഴിക്കാനായി നൂറും പാലും നിവേദിച്ചു. കാവിൽ വിളക്കു വച്ച് പ്രത്യേക താളത്തിൽ ശ്രുതിയിൽ, കീർത്തനങ്ങൾ ചൊല്ലി വൃക്ഷങ്ങളെയും ജീവജാലങ്ങളെയും ഭജിച്ചു. ഇങ്ങനെയുള്ള ഒരു സംസ്കാരമാണ് ഭാരതത്തിൽ നിലനിന്നിരുന്നത്.

എന്നാൽ ഈ ഏകത്വബോധം സ്വാർത്ഥത കാരണം ഇന്നു മനുഷ്യനു നഷ്ടമായിരിക്കുന്നു. ഇന്ന് മനുഷ്യൻ ജീവിക്കുന്നത് അവന്റെ സൃഷ്ടിയിലാണ്. സ്വന്തം മനസ്സിന്റെ സൃഷ്ടി. അതിന്റെ ഭവിഷ്യത്തുകളാണ് മനുഷ്യനിന്ന് അനുഭവിക്കുന്നത്. അപൂർണ്ണത ഇശ്വരന്റെ സൃഷ്ടിയിലല്ല, മനുഷ്യന്റെ സൃഷ്ടിയിലാണ്. സ്വാർത്ഥതയുടെ പുകമൂടിയ മനസ്സിൽ കൂടി നോക്കുമ്പോൾ മനുഷ്യന് തനിക്കു ചുറ്റും നിറഞ്ഞുനിൽക്കുന്ന ശാന്തിയും, സൗന്ദര്യവും ദർശിക്കുവാനോ അനുഭവിക്കുവാനോ കഴിയുന്നില്ല.

ഇന്ന് മനുഷ്യൻ, തന്റെ ചുറ്റുമുള്ള എന്തിനേയും തന്റെ സ്വാർത്ഥതയ്ക്കുപകരിക്കുന്ന വസ്തുക്കളായി മാത്രം കാണുന്നു. പക്ഷി മൃഗാദികളേയും സസ്യജാലങ്ങളേയും തനിക്ക് ആഹാരമായും തന്റെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള ഉപാധിയായും മാത്രമായി കാണുന്നു. തന്നേപ്പോലെ തന്നെ അവയെ കാണാനുള്ള കഴിവ് അവനിന്നു നഷ്ടമായിരിക്കുന്നു. എന്നാൽ ഇതിനു കഴിയുമ്പോൾ മാത്രമേ മനുഷ്യജന്മം അതിന്റെ പൂർണ്ണതയെ പ്രാപിക്കുന്നുള്ളൂ. ജീവിതത്തിൽ നിറഞ്ഞ ശാന്തിയും സമാധാനവും അനുഭവിക്കുവാൻ സാധിക്കുകയുള്ളൂ. അതിനായി സത്യദൃഷ്ടാക്കളായ ഋഷീശ്വരന്മാർ മനുഷ്യനുപദേശിച്ച ഒരു മാർഗ്ഗമാണ്, സർവ്വജീവരാശിയേയും ഈശ്വരനായികണ്ട് സ്നേഹിക്കുക, സേവിക്കുക എന്നത്. തന്റെ മുന്നിലുള്ള ഏതൊന്നിനെ കാണുമ്പോഴും തന്റെ ഉള്ളിൽ വസിക്കുന്ന അതേ ഈശ്വരചൈതന്യമാണ് അവരിലുമുള്ളത് എന്ന് കരുതുമ്പോൾ മനസ്സിനെ മൂടിയിരിക്കുന്ന സ്വാർത്ഥതയുടെ ആവരണം നീങ്ങിക്കിട്ടുകയാണ് ചെയ്യുന്നത്. താൻ ഈശ്വരനുമായി ഒന്നു ചേരുന്ന നിമിഷങ്ങളാണ് അത്. സൂര്യനെ മറച്ചിരിക്കുന്ന കാർമേഘം അല്പനേരമെങ്കിലും മാറുമ്പോൾ, സൂര്യനെ

ദർശിക്കാൻ കഴിയുന്നത് പോലെയാണിത്. ക്രമേണ, അത് നമ്മുടെ സ്വഭാവമായി മാറും, പിന്നീടവിടെ സ്വാർത്ഥതയ്ക്കു കൂടുകെട്ടുവാൻ സാധിയ്ക്കില്ല.

സർവ്വതിലും ഈശ്വരചൈതന്യത്തെ ദർശിച്ച ഋഷീശ്വരന്മാർ നമ്മോടു സർവ്വതിനേയും ആദരിക്കുവാനും ആരാധിക്കുവാനും പറഞ്ഞു. എന്നാൽ ഇന്നു പലരും ചോദിക്കുന്നു, പശുവിനെ ആരാധിക്കുന്നത് എന്തിനാണ്. പാമ്പിനെ ആരാധിക്കുന്നത് എന്തിനാണ്? ഇവയിലൊക്കെയാണോ ഈശ്വരൻ? വിദേശ രാജ്യങ്ങളിൽ പോയാൽ കാണാം, അവിടെയുള്ളവർ പട്ടിയേയും പൂച്ചയേയും മറ്റും എത്ര വാത്സല്യത്തോടെയാണു വളർത്തുന്നതെന്ന്? സ്വന്തം കുഞ്ഞിനോടുപോലും ഇത്രമാത്രം സ്നേഹം കാണുകയില്ല. അവിടെ അവരുടെ പൂച്ചയോ പട്ടിയോ മരിച്ചാലുള്ള ദു:ഖം, സ്വന്തം ഭർത്താവ് മരിച്ചാലും അവർക്കുണ്ടാകില്ല. വളർത്തുമൃഗങ്ങൾ മരിച്ചതിലുള്ള ദു:ഖം കാരണം എത്രയോ പേരാണ് അമ്മയുടെ അടുത്തു വന്ന് പൊട്ടിക്കരഞ്ഞിട്ടുള്ളത്. സ്വന്തം ബന്ധുക്കൾ അച്ഛനൊ, അമ്മയോ ഭർത്താവോ മക്കളോ ആകട്ടെ, മരിച്ചാൽ എവിടെപ്പോയി എന്നവർ ചോദിക്കാറില്ല. അവരുടെ പൂച്ച മരിച്ചാൽ അതിന്റെ ആത്മാവ് എവിടെപ്പോയി എന്നറിയണം. അത്രയ്ക്കാണ് അവർക്കവയോടുള്ള സ്നേഹം.

എന്നാൽ ഈ സ്നേഹം മമതയിൽനിന്നും ഉടലെടുക്കുന്ന സ്നേഹമാണ്. സാധാരണ മനുഷ്യർക്കു ഇത്ര തീവ്രമായി സ്നേഹിക്കുവാൻ കഴിയുമെങ്കിൽ സർവ്വതിലും ഈശ്വരനെ ദർശിച്ച ഋഷീശ്വരന്മാർക്ക്, മഹാത്മാക്കൾക്ക് സർവ്വജീവരാശികളോടുമുള്ള സ്നേഹം എത്ര നിസ്സീമമായിരിക്കും! അങ്ങനെ സർവ്വതിലും ഈശ്വരനെ ദർശിക്കാനുള്ള ദൃഷ്ടി അവർക്കുള്ളതിനാൽ അവർക്ക് ജീവിതത്തിൽ ആനന്ദം മാത്രമേയുള്ളൂ. ദു:ഖം എന്നൊന്നില്ല. അതിനാൽ, മറ്റുള്ളവരും ആ ആ വിശാലതയിലേക്ക് ഉയർത്തുന്നതിനായി വിവിധ മാർഗ്ഗങ്ങൾ അവർ ഉപദേശിച്ചിരിക്കുന്നു. അതിലൊന്നാണു സർവ്വ ജീവരാശികളേയും ഈശ്വരനായി കണ്ടു സ്നേഹിക്കുവാനുള്ള ഒരു ഹൃദയം വളർത്തുക എന്നത്.

നമ്മുടെ ഹൃദയമാകുന്ന ആകാശത്തിൽനിന്ന് സ്വാർത്ഥതയുടെ കാർമേഘങ്ങൾ ഒഴിയുമ്പോൾ അവിടെ ഈശ്വരചൈതന്യം സൂര്യനെപ്പോലെ സദാതിളങ്ങി നിൽക്കും. ആ പ്രകാശത്തിൽ ചുറ്റുമുള്ള എന്തിലും തന്നെതന്നെ ദർശിക്കുവാൻ കഴിയും. അതുവരെ തന്നെ മൂടിയിരുന്ന അന്ധകാരം എന്നന്നേക്കുമായി വിട്ടൊഴിയും. അതനുഭവമായ ഒരാൾക്ക് തന്റെ മുന്നിലൂടെ ഇഴയുന്ന പുഴുവും, കാടിളക്കി ഓടുന്ന ആനയും, ചെറിയൊരു കൊതുകും, പറന്നുയരുന്ന ഗരുഡനും, ചെറുമീനും, മുതലയും, മനുഷ്യനുമെല്ലാം ഈശ്വരൻ തന്നെയാണ്. ഒന്നിനേയും അവർക്ക് മാറ്റി നിർത്താനാവില്ല. അങ്ങിനെ സത്യത്തെ നേരിട്ടനുഭവിച്ച ഋഷീശ്വരന്മാരുടെ വാക്കുകളാണു സനാതനധർമ്മ ഗ്രന്ഥങ്ങളിൽ കാണുവാൻ കഴിയുന്നത്.

ഹിന്ദു മതത്തിൽ എതൊരു കർമ്മവും ഭൗതിക നേട്ടത്തിനുമാത്രമായല്ല അനുഷ്ഠിക്കുന്നത്. അതിൽ കൂടി ഈശ്വരസ്മരണ ഉണർത്തുക എന്നൊരു ലക്ഷ്യം കൂടിയുണ്ട്. കാരണം താൻ ചെയ്യുന്ന ഏതൊരു കർമ്മത്തിന്റെയും പിന്നിൽ ശക്തിശ്രോതസ്സായി വർത്തിക്കുന്നത് ഈശ്വരനാണെന്നറിയണം. തന്റെ കർമ്മത്തിൽ ഉൾപ്പെടുന്ന ജീവനുള്ളതും അല്ലാത്തതുമായ എല്ലാ ഘടകങ്ങളും താനും ഒരേ ഈശ്വരന്റെ തന്നെ അംശങ്ങളാണെന്ന ബോധം ഉണരണം. ഹിന്ദു മതത്തിൽ എല്ലാം ഈശ്വരനാണ്. ഈശ്വരനല്ലാത്തതായി യാതൊന്നുമില്ല. മൃഗങ്ങളേയും പക്ഷികളേയും ഇഴജന്തുക്കളെയും വൃക്ഷത്തേയും ചെടികളേയും മലയേയും നദിയേയും സർവ്വതിനേയും ഈശ്വരനായിക്കണ്ട് സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുക

എന്നതാണ് അത് പഠിപ്പിക്കുന്നത്. അവർക്ക് ലോകത്ത് ഈശ്വരനെയല്ലാതെ മറ്റൊന്നും ദർശിക്കുവാൻ കഴിഞ്ഞില്ല.

വയലിൽ വിതയ്ക്കാനുള്ള വിത്ത് ഒരുക്കുമ്പോൾ നിലവിളക്കു കൊളുത്തി ഈശ്വര സ്മരണയോടെയാണ് ചെയ്തിരുന്നത്. വിത്ത് വിതയ്ക്കുമ്പോഴും,കൊയ്തെടുക്കുമ്പോഴും അങ്ങിനെതന്നെയായിരുന്നു. എന്തിന് ഒരു പണിയായുധം എടുക്കുമ്പോൾ പോലും എടുക്കുന്നതിനു മുമ്പായി അതിൽ തൊട്ട് തൊഴും. ഏതിലും ഈശ്വരനെ കാണാനാണ് ഹിന്ദുമതം പഠിപ്പിക്കുന്നത്. കാരണം വിനയമാണ് ഒരുവനെ ഈശ്വരനോട് അടുപ്പിക്കുന്നത്. വിനയത്തിന്റെ വാളുകൊണ്ടേ അഹങ്കാരത്തിന്റെ ശിരസ്സരിയുവാൻ സാധിക്കൂ. ഇത് നമ്മുടെ ഋഷിമാർക്കറിയാമായിരുന്നു. അതിനാൽ അവർ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഓരോ പടവിലും അതിനുള്ള മാർഗ്ഗം നിർദ്ദേശിച്ചു.

**ചോദ്യം:- കാളി രക്തം കുടിക്കുന്നതായി ചിത്രീകരിക്കാറുണ്ട്! ഇങ്ങനെയുള്ള കാളിയെ ആരാധിക്കുന്നതുകൊണ്ടു എന്താണർത്ഥമാക്കുന്നത്?**

**അമ്മ:** ഒരിക്കലും കാളി രക്തം കുടിക്കുന്നില്ല. കാളി കുടിക്കുന്നതു് അഹങ്കാരത്തിന്റെ തലയറുത്ത രക്തമാണ്. അഹങ്കാരനാശത്തിനു ഏറ്റവും തടസ്സമായി നില്ക്കുന്നതു തമസ്സും രജസ്സുമാണ്. ഇവയെ കാളി നശിപ്പിക്കുന്നു. നമ്മൾ രാവിലെ എഴുന്നേല്ക്കാൻ തുടങ്ങുമ്പോൾ രണ്ടു മനസ്സാണ്. ഓ! എഴുന്നേല്ക്കണ്ട, കിടന്നാൽ മതി. അല്ല ജോലിക്കുപോകണം, എഴുന്നേല്ക്കണം. ഓ! കിടക്കുന്നതാണു സുഖം, കിടന്നാൽ മതി. ഇങ്ങനെ രണ്ടു ഭാവങ്ങളാണു മനസ്സിനുള്ളത്. ഇതിൽ തമസ്സിന്റെ തലയറുത്തു് അതിനെ ഇല്ലാതാക്കുന്ന ഭാവം മനസ്സിനുണ്ട്. അപ്പോഴാണു എഴുന്നേല്ക്കാൻ സാധിക്കുന്നത്. ആ ഭാവമാണു കാളി. നമ്മുടെ ഉള്ളിലെ തമസ്സിന്റെയും രജസ്സിന്റെയും തലയറുക്കുന്നവളാണു കാളി!

മനുഷ്യ മനസ്സിലൂടെ കടന്നു പോകുന്ന കാമക്രോധാദികളാകുന്ന ചോരയാണ് കാളി ഊറ്റിക്കുടിക്കുന്നത്. ഇവ രജസ്സിന്റെ സന്തതികളാണ്. രജസ്സിന്റെ നിറം ചുവപ്പാണ്. കാളി തന്നെ ആരാധിക്കുന്ന ഭക്തന്റെ എല്ലാ കാമനകളേയും അറുത്ത്, അവനെ തന്നിലേക്കു ചേർക്കുന്നു. അത്ര പ്രേമസ്വരൂപിണിയാണു കാളി. ഈ തത്ത്വം അറിയാത്തവരാണു കാളിയെ രക്തപാനം ചെയ്യുന്നവളായി പറയുന്നത്.

കാളി മനുഷ്യന്റെ തലയറുത്തതായി ഒരിടത്തും പറഞ്ഞിട്ടില്ല. അസുരനിഗ്രഹമാണു കാളി നിർവ്വഹിക്കുന്നത്. നമ്മുടെ ഉള്ളിലുള്ള ആസുരവൃത്തികളുടെ സംഹാരമാണു് അതു കാണിക്കുന്നത്. മിഥ്യയായ 'ഞാൻ ഭാവ'ത്തിന്റെ ശിരസ്സാണു കാളിയുടെ കൈയിൽ കാണപ്പെടുന്നത്. 'ഞാൻ ഭാവ'ത്തിന്റെ നാശമാണല്ലോ മുക്തി.

കാളി വിശാലതയുടേയും സ്നേഹത്തിന്റെയും മൂർത്തഭാവമാണ്. കാളിയുടെ കറുത്തനിറം അനന്തതയെയാണു സൂചിപ്പിക്കുന്നത്. പ്രപഞ്ചത്തിലെ ക്രിയാശക്തിയാണു കാളി. ശിവനും ശക്തിയും ഭിന്നമല്ലെന്നതിന്റെ സൂചനയാണു ശിവന്റെ മാറിൽ കാലൂന്നി നില്ക്കുന്ന കാളി നല്കുന്നത്. തീയും അതിന്റെ ദാഹകശക്തിയും പോലെയാണു ശിവനും ശക്തിയും. രൗദ്രഭാവവും ആർദ്രഭാവവും രണ്ടും കാളിയുടെകണ്ണുകളിൽ നിഴലിക്കുന്നുണ്ട്. ഭക്തരെ തന്നിൽ നിന്നകറ്റുന്ന അഹങ്കാരത്തിനു നേരെയാണു കാളിയുടെ രൗദ്രദൃഷ്ടി. ഈ രൗദ്രത അനന്തമായ സ്നേഹത്തിൽനിന്നു് ഉടലെടുക്കുന്നതാണ്. അഹങ്കാരത്തെ തന്റെ ഖഡ്ഗംകൊണ്ടു അരിഞ്ഞെടുത്തു കാളി മാലയായി അണിഞ്ഞിരിക്കുന്നു. അതാണു കാളിയുടെ

കഴുത്തിലെ കപാലമാല. അഹങ്കാരത്തെ നശിപ്പിച്ചു ജീവനെ മുക്തിപദത്തിലേക്ക് ഉയർത്തുകയാണു കാളി ചെയ്യുന്നത്.

**ചോദ്യം: ഹിന്ദു മതത്തിൽ മുപ്പത്തിമുക്കോടി ദൈവങ്ങളെ ആരാധിക്കുന്നുണ്ടല്ലോ? അപ്പോൾ ഈശ്വരൻ ഒന്നിലധികം ഉണ്ടോ?**

**അമ്മ:** ഹിന്ദുമതത്തിൽ ബഹുദൈവങ്ങളില്ല. ഹിന്ദുമതം ഏക ഈശ്വരനിൽ വിശ്വസിക്കുന്നു എന്നു മാത്രമല്ല. ആ ഈശ്വരനിൽനിന്ന് അന്യമായി പ്രപഞ്ചത്തിൽ ഒന്നുംതന്നെയില്ലെന്നു, എല്ലാമായി തീർന്നിരിക്കുന്നത് അവിടുന്നുതന്നെയാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. എങ്ങും നിറഞ്ഞ ചൈതന്യമാണ് ഈശ്വരൻ. അവിടുന്നു നാമത്തിനും രൂപത്തിനും അതീതനാണ്. എങ്കിലും ഭക്തനെ അനുഗ്രഹിക്കാൻ അവിടുത്തേക്ക് ഏത് രൂപവും എടുക്കാം. എത്ര രൂപം വേണമെങ്കിലും സ്വീകരിക്കാം. ഏത്ര ഭാവവങ്ങൾവേണമെങ്കിലും കൈക്കൊള്ളാം. കാറ്റിന് ഇളംതെന്നലായി വരാം, ശക്തിയായി വീശാം, വേണമെങ്കിൽ കൊടുങ്കാറ്റായി ആഞ്ഞടിക്കാം. അതെല്ലാം അതിന്റെ സ്വഭാവമാണ്. ആ കാറ്റിനേയും നിയന്ത്രിക്കുന്ന സർവ്വേശ്വരനായ അവിടുത്തേയ്ക്ക് അപ്പോൾ ഏത് ഭാവമാണ് സ്വീകരിക്കാൻ വയ്യാത്തതായിട്ടുള്ളത്. അവിടുത്തെ അത്ഭുതം ആർക്കു വർണ്ണിക്കാൻ സാധിക്കും? ഈശ്വരന് സഗുണഭാവവും നിർഗുണഭാവവും സ്വീകരിക്കാൻ കഴിയും. വെള്ളത്തിന് നീരാവിയാകാനും ഐസുകട്ടയാകാനും സാധിക്കുന്നതുപോലെ. അങ്ങനെ ഒരേ സർവ്വേശ്വരൻ ശിവൻ, വിഷ്ണു, ഗണപതി, മുരുകൻ, ദുർഗ്ഗ, സരസ്വതി, കാളി തുടങ്ങി പല ഭാവങ്ങളിലും പല രൂപങ്ങളിലും ആരാധിക്കപ്പെടുന്നു. താനും ഈശ്വരനും രണ്ടല്ല, എന്ന ഏകത്വഭാവത്തിൽ വേണം ഭക്തൻ ഈശ്വരനെ ആരാധിക്കാൻ.

ഓരോരുത്തരുടെയും അഭിരുചികൾ വ്യത്യസ്തമാണ്. അവർ ആർജ്ജിച്ച സംസ്കാരങ്ങളും അവർ വളർന്നുവന്ന പരിതസ്ഥിതികളും വ്യത്യസ്തങ്ങളാണ്. അവനവന്റെ അഭിരുചിക്കും മാനസികവളർച്ചയ്ക്കും അനുസൃതമായി ഈശ്വരനെ ഏതു ഭാവത്തിലും ഏതു രൂപത്തിലും ആരാധിക്കുവാനുള്ള സ്വാതന്ത്ര്യം ഹിന്ദുമതത്തിലുണ്ട്. ഇങ്ങനെയാണു ഹിന്ദുമതത്തിൽ നാനാ ഈശ്വരഭാവങ്ങൾ ഉടലെടുത്തത്. അല്ലാതെ അവ വ്യത്യസ്ത ദൈവങ്ങളല്ല.

**ചോദ്യം: ഹിന്ദുക്കൾ കുരങ്ങിനെ ദൈവമായി ആരാധിക്കുന്നതെന്തുകൊണ്ടാണ്?**

**അമ്മ:** നമ്മുടെതു കുരങ്ങുമനസ്സാണ്. സാധാരണ കുരങ്ങന്മാർ മരത്തിന്റെ ഒരു കൊമ്പിൽനിന്നു് അടുത്ത കൊമ്പിലേക്കാണു ചാടുന്നത്. എന്നാൽ മനുഷ്യന്റെ മനസ്സ് ഇവിടെയാണെങ്കിൽ അടുത്തനിമിഷം അമേരിക്കയിലായിരിക്കും. അതിനടുത്ത നിമിഷം ചന്ദ്രനിലെത്തും. അവിടെനിന്നും സൂര്യനിലേക്കും ചൊവ്വയിലേക്കുമൊക്കെ ചാടും. ഇത്തരം കുരങ്ങുമനസ്സിനെ ഒരിടത്തു നിർത്തി നമ്മിലേക്കു തിരികെക്കൊണ്ടു വരുന്ന ക്രിയയാണു ഹിന്ദുമതത്തിലെ ആരാധനാക്രമങ്ങൾ. അതിനു വിവിധ മാർഗ്ഗങ്ങൾ പറഞ്ഞിരിക്കുന്നു. ഓരോ മനസ്സിന്റെയും സ്വഭാവമനുസരിച്ച് അവ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഋഷീശ്വരന്മാർ നല്കിയിട്ടുണ്ട്.

ഹനുമാൻ കുരങ്ങനായിരുന്നു. എന്നാൽ നാമജപത്തിലൂടെ, ദാസ്യഭക്തിയിലൂടെ ഈശ്വരപദത്തിലെത്താമെന്നു ഹനുമാൻ കാട്ടിത്തന്നു.

ഹനുമാന് ഊണിലും, ഉറക്കത്തിലും, ഒറ്റ ചിന്ത മാത്രമെ ഉണ്ടായിരുന്നുള്ളൂ– ശ്രീരാമൻ. സദാസമയവും ഹനുമാൻ രാമനാമം ഉരുവിട്ടുകൊണ്ടിരുന്നു, ഹനുമാന്റെ

ഓരോ രോമകൂപത്തിൽ നിന്നും ശ്രീരാമ നാമം മുഴങ്ങിക്കൊണ്ടിരുന്നു എന്നാണ് പറയുന്നത്. അതേ പോലെ ഹനുമാന്റെ ഹൃദയത്തിൽ സദാ നിറഞ്ഞുനിന്നിരുന്നത് ശ്രീരാമന്റെ രൂപമായിരുന്നു. ആരിലും ഹനുമാൻ ദർശിച്ചിരുന്നത് ശ്രീരാമനെ മാത്രമായിരുന്നു. ശ്രികൃഷ്ണനെപ്പോലും ശ്രീരാമ വേഷത്തിൽ ദർശിക്കാനാണ് ഹനുമാൻ ആഗ്രഹിച്ചിരുന്നത്. അത്ര നിഷ്ഠയായിരുന്നു ശ്രീരാമഭക്തിയിൽ ഹനുമാനുണ്ടായിരുന്നത്. നിഷ്ഠയോടുകൂടിയ ഭക്തി കാരണം ഹനുമാന് വെറുമൊരു കുരങ്ങൻ എന്ന പദവിയിൽ നിന്ന് മറ്റുള്ളവർ ആരാധിക്കുന്ന ഈശ്വര പദവിയിലേക്കുയരുവാൻ സാധിച്ചു.

ഹനുമാനെപ്പോലെ നിഷ്ഠയോടു കൂടിയ ഭക്തിയുണ്ടെങ്കിൽ, സദാ ഭഗവദ് നാമം ജപിക്കുവാൻ തയ്യാറാണെങ്കിൽ, ഈശ്വരദർശനം മാത്രമല്ല ഈശ്വരപദവിയിലേക്കുപോലും ഉയരുവാൻ കഴിയും എന്നാണ് ഹനുമാന്റെ കഥ നമ്മെ പഠിപ്പിക്കുന്നത്. യാതൊരു നിയന്ത്രണവുമില്ലാത്ത കുരങ്ങുമനസ്സിനെ വരുതിയിൽകൊണ്ടു വരാനുള്ള എളുപ്പമാർഗം സദാ നാമജപമാണെന്നു് ഇതിലൂടെ വെളിവാകുന്നു.

ഹിന്ദുമതത്തിൽ കുരങ്ങിനെ ആരാധിക്കുന്നതോടൊപ്പംതന്നെ മനുഷ്യനു് ഈശ്വരനായിത്തീരാമെന്നും പറയുന്നു. അപ്പോൾ ഇതു പറഞ്ഞവർ വിഡ്ഢികളായിരിക്കില്ലല്ലോ.

വാസ്തവത്തിൽ മൃഗങ്ങളെ ആരാധിക്കുന്നതിൽ എന്തു കുറവാണുള്ളത്. മനുഷ്യനില്ലാത്ത എത്രയോ കഴിവുകൾ അവയ്ക്കുണ്ട്. ഒരു കൊള്ളയോ കൊലപാതകമോ നടന്നാൽ ആരെന്നു കണ്ടെത്തുവാൻ കൊണ്ടുവരുന്നതു നായയെയാണ്. മനുഷ്യനു കഴിയാത്തതു പട്ടി മണംകൊണ്ടു കണ്ടെത്തുന്നു. അക്കാര്യത്തിൽ മനുഷ്യനേക്കാൾ ഉന്നതനാണു നായ.

പല മരുന്നുകളും ആദ്യം പരീക്ഷണം നടത്തുന്നതു മൃഗങ്ങളിലാണ്. എത്രയോ കുരങ്ങുകളും എലികളും ഇതിനുവേണ്ടി വേദന തിന്നുന്നു. ജീവൻ കളയുന്നു. ഇതിലൂടെ മനുഷ്യനു രോഗങ്ങളെ അകറ്റാനുള്ള മരുന്നു ലഭിക്കുന്നു. വേദനകൾ ഒഴിവാക്കാൻ സാധിക്കുന്നു. ഇതിനുള്ള ത്യാഗം സഹിക്കുന്നതു പാവം മൃഗങ്ങളും. ഇങ്ങനെ നോക്കുമ്പോൾ മനുഷ്യനു വേണ്ടി ത്യാഗം സഹിക്കുന്ന ആ മൃഗങ്ങളെ ആരാധിക്കുന്നതിൽ എന്താണു തെറ്റ്. അല്പമെങ്കിലും ഹൃദയമുള്ളവർക്കു് അവയെക്കുറിച്ചു സ്നേഹത്തോടെയല്ലാതെ ഓർക്കാൻ കഴിയുമോ? പ്രകൃതിയിലുള്ള ഏതൊന്നും നമുക്കു ജീവിക്കുവാനുള്ള സാഹചര്യം ഒരുക്കിത്തരുന്നു. അതിനാൽ നമുക്കു ചുറ്റുമുള്ള സകലതിനെയും സ്നേഹത്തോടും ആദരവോടുമല്ലാതെ നോക്കിക്കാണാനാവില്ല.

നമ്മൾ നദിയെ ആരാധിക്കുന്നു. കാരണം വെള്ളമില്ലെങ്കിൽ ജീവിക്കാനാവില്ല. എന്നാൽ അതും അമിതമാകരുത്. വെള്ളപ്പൊക്കം വന്നാൽ എല്ലാം നശിക്കും. കാറ്റില്ലാതെ ജീവിക്കാൻ പറ്റില്ല. എന്നാൽ അതു കൊടുങ്കാറ്റായാൽ ജീവിതം ഇല്ലാതാകും. നമുക്കു താമസിക്കാൻ ഭൂമി വേണം. എന്നാൽ ഭൂമി ഒന്നു കുലുങ്ങിയാൽ അതോടെ എല്ലാം അവസാനിച്ചു. ഈ പ്രപഞ്ചത്തിലുള്ളതെല്ലാം നമ്മുടെ ജീവിതത്തിനാവശ്യമാണ്. പക്ഷേ ഓരോന്നും അതിന്റേതായ ആവശ്യത്തിനുമാത്രമേ ആകുവാൻ പാടുള്ളൂ. ഒന്നും കുറയാനും പാടില്ല, കൂടാനും പാടില്ല. പ്രകൃതിയിൽ ഈ താളലയം ആവശ്യമാണ്. അതിനു മനുഷ്യന്റെ ഭാഗത്തും ശ്രമം വേണം. ഈ താളലയം നിലനിർത്തണമെങ്കിൽ മനുഷ്യൻ ധർമ്മാധർമ്മം അറിഞ്ഞു ജീവിക്കണം. എങ്കിലേ

സർവ്വതിനെയും സ്നേഹിക്കാനും സേവിക്കാനും കഴിയൂ. ആ താളലയം നിലനിർത്തണമെങ്കിൽ വൃക്ഷങ്ങൾ വെട്ടാതെയും മൃഗങ്ങളെ കൊല്ലാതെയും ധർമ്മബോധത്തോടെ ജീവിക്കാൻ പഠിക്കണം. അപ്പോൾ പ്രകൃതിയിൽനിന്നു് അതിനനുസരിച്ചു നല്ല ഫലങ്ങൾ നമുക്കു ലഭിക്കും. ഇതിനെല്ലാം ആദികാരണമായ ഈശ്വരനെ പ്രാർത്ഥിക്കുവാൻ നമ്മുടെ പൂർവ്വികർ നമ്മളോടു പറഞ്ഞു: ആ പ്രാർത്ഥനയിലൂടെ ഞാനെന്ന വ്യക്തിത്വം നഷ്ടമായി പ്രപഞ്ചവുമായി ഒന്നായിത്തീരുന്നു. പ്രകൃതിയുടെ താളമറിഞ്ഞു് അതിനൊത്തു നീങ്ങുവാൻ നമുക്കു കഴിയും. നമുക്കു ചുറ്റുമുള്ള പ്രപഞ്ചത്തിലെ ഓരോ ഘടകവും പക്ഷിമൃഗാദികളും വൃക്ഷലതാദികളും നമ്മളും ഒരേ താളത്തിൽ നീങ്ങുന്നു. അതിലൂടെ എല്ലാം ഒന്നെന്ന തലത്തിലേക്കു് ഉയരുവാൻ കഴിയും. അപ്പോൾ അനുഭവിക്കാൻ കഴിയുന്ന അനുഭൂതി വാക്കുകളിൽ വിവരിക്കാൻ ആവില്ല. അതിനുള്ള ഘട്ടങ്ങളാണു സർവ്വതിനെയും ഈശ്വരനായി കണ്ടു സ്നേഹിക്കുക സേവിക്കുക എന്നത്.

നമുക്കു വെള്ളപ്പൊക്കം ഇല്ലാതാക്കാൻ കഴിയില്ല. കൊടുങ്കാറ്റിനെ തടയാനാവില്ല. ഭൂമി കുലുങ്ങുന്നതു പിടിച്ചുനിർത്താൻ സാധിക്കില്ല. എന്നാൽ മനുഷ്യൻ ചെയ്യുന്ന കുറ്റകൃത്യങ്ങൾ അവൻ വിചാരിച്ചാൽ ഇല്ലാതാക്കാം. ധർമ്മാധർമ്മങ്ങൾ നോക്കി ജീവിക്കാൻ അവനു കഴിയും. വിചാരിച്ചാൽ ദാരിദ്ര്യം ഒഴിവാക്കാം. പരസ്പരം പങ്കിടാൻ പഠിച്ചാൽ മതി.

പരസ്പരം സ്നേഹിച്ചു നീങ്ങുകയാണെങ്കിൽ എല്ലാം താളത്തിനൊത്തു നീങ്ങും. എന്തും ആവശ്യത്തിനുമാത്രം എടുത്താൽ അവിടെ സ്വാർത്ഥതയില്ല. ഒരു പ്ലാവില വേണ്ടിടത്തു് ഒരു ശിഖിരം വെട്ടുന്നതു സ്വാർത്ഥതയാണ്, അധർമ്മമാണ്. ഒരുവൻ തനിക്കും കുട്ടികൾക്കും വേണ്ടി മാത്രമല്ല, പത്തു തലമുറയ്ക്കു കൂടിയുള്ളതു സമ്പാദിക്കുന്നതു് അധർമ്മമാണ്. ഇതിലൂടെ മറ്റു പലരും പട്ടിണി കിടക്കേണ്ടതായി വരുന്നു. അതു പാപമാണ്. അവനു ജീവിതത്തിൽ ആനന്ദിക്കാനാവില്ല. കാരണം അവൻ അധർമ്മിയാണ്. അതിനാൽ പണ്ടുള്ളവർ ധർമ്മാധർമ്മം അറിഞ്ഞു ജീവിക്കുവാൻ പറഞ്ഞു. അപ്പോൾ പരസ്പരം വളർന്ന സ്നേഹം ആരാധനയായി മാറി. സർവ്വതിനെയും സ്നേഹിക്കുക, സേവിക്കുക, ആരാധിക്കുക എന്നതു സ്വാഭാവികമായി സംഭവിച്ചു. പ്രത്യേകിച്ച് ആരെയും പ്രേരിപ്പിക്കേണ്ടി വന്നില്ല.

സനാതനധർമ്മത്തിൽ കുരങ്ങിനെ മാത്രമല്ല, പ്രകൃതിയിലുള്ള സർവ്വതിനെയും ഈശ്വരനായി കണ്ടു സ്നേഹിക്കാനും ആരാധിക്കാനുമാണു് പഠിപ്പിക്കുന്നത്.

**ചോദ്യം: വിഗ്രഹാരാധനയുടെ പിന്നിലെ തത്ത്വമെന്താണ്?**

**അമ്മ:** വാസ്തവത്തിൽ ഹിന്ദുക്കൾ വിഗ്രഹത്തെ ആരാധിക്കുന്നില്ല. വിഗ്രഹത്തിൽ കൂടി എങ്ങും നിറഞ്ഞു നിൽക്കുന്ന ആ പരമചൈതന്യത്തെയാണ് അവർ ദർശിക്കുന്നത്. കാമുകി നൽകിയ ഒരു പേനയിൽ അല്ലെങ്കിൽ പത്തുപൈസ വിലവരുന്ന ഒരു മുത്തിൽ കാമുകൻ ദർശിക്കുന്നത് സ്വന്തം കാമുകിയെ ആണ്, ആ വസ്തുവിനെയല്ല. അതിനു പകരം മറ്റെന്തു നൽകാമെന്നു പറഞ്ഞാലും അവൻ സമ്മതിക്കില്ല. ആ കാമുകനെ സംബന്ധിച്ച് കാമുകി നൽകിയ ആ പേന വെറും പേനയല്ല. ആ മുത്ത് വെറും മുത്തല്ല. വില മതിക്കാനാകാത്ത തന്റെ കാമുകി തന്നെയാണ്. സാധാരണ ഒരു യുവാവിന് ഇങ്ങിനെ ഒരു ഭാവം വരുമെങ്കിൽ, ഒരു ഭക്തനെ സംബന്ധിച്ച് സർവ്വേശ്വരന്റെ പ്രതീകമായ ആ വിഗ്രഹം എത്ര വിലപ്പെട്ടതാണ്! അത് ആ ഭക്തന് കേവലം ശിലയല്ല, ചൈതന്യമൂർത്തിയാണ്.

മുസ്ലീങ്ങൾ മക്കയെ വളരെ പവിത്രമായി കാണുന്നു. അവിടേക്കു നോക്കി നിസ്കരിക്കുന്നു. അവിടെ ഭക്തി വന്നില്ലെ, അതൊരു പ്രതീകമായില്ലെ. നിർഗുണമെന്ന് പറഞ്ഞാലും രൂപം വന്നപ്പോൾ ഗുണങ്ങൾ വന്നില്ലേ. ഗുണാതീതനായ ഈശ്വരന്റെ ഗുണങ്ങളെയാണല്ലോ ഓരോരുത്തരും വാഴ്ത്തുന്നത്. ഗുണങ്ങളല്ലാത്തവനാണു് ഈശ്വരനെങ്കിൽ പിന്നെ അവിടുത്തെക്കുറിച്ച് എന്താണ് പറയുവാൻ കഴിയുക? അതിനാൽ ഹിന്ദു മതത്തിൽ പറയുന്നത് എല്ലാ ഗുണങ്ങളും അവിടുന്നാണെന്നാണ്. അവിടുന്നല്ലാതെ യാതൊന്നുമില്ല. ആയതിനാൽ സർവ്വതിനെയും ഉൾക്കൊള്ളാൻ തക്ക വിശാലത ഹിന്ദുവിനുണ്ട്. ഈശ്വരനെയല്ലാതെ മറ്റൊന്നും അവനു കാണുവാൻ കഴിയില്ല. ക്രിസ്തുമതത്തിൽ മെഴുകുതിരി കത്തിക്കുന്നില്ലെ. ക്രിസ്തുരൂപത്തിനു മുന്നിൽ പ്രാർത്ഥിക്കുന്നില്ലേ! ഇതൊക്കെ വിഗ്രഹാരാധയുടെ വ്യത്യസ്തരൂപങ്ങളല്ലേ? പിന്നെ എന്തുകൊണ്ടു് ഹിന്ദുക്കളുടെ ആരാധനമാത്രം ചിലർ പിശാചിന്റെ ആരാധന എന്നു പറയുന്നു? അച്ഛന്റെ ചിത്രത്തിനു മുന്നിൽ നില്ക്കുന്ന മകൻ ഓർക്കുന്നതു പിതാവിനെയാണ്, ചിത്രകാരനെയല്ല. ഇതേപോലെ സാധാരണ ജനങ്ങളിൽ സർവ്വത്ര നിറഞ്ഞുനില്ക്കുന്ന ഈശ്വരചൈതന്യത്തെക്കുറിച്ചു ബോധം ജനിപ്പിക്കുവാൻ വിഗ്രഹങ്ങൾ സഹായിക്കുന്നു. വിഗ്രഹത്തിനു മുന്നിൽ നില്ക്കുന്നവർ കണ്ണടച്ചു് ഉള്ളിലാണു് ഈശ്വരനെ ദർശിക്കുന്നത്. ഉള്ളിലെ ചൈതന്യത്തെ ദർശിക്കാൻ വിഗ്രഹം സഹായകമായിത്തീരുന്നു.

വാസ്തവത്തിൽ ഈശ്വരനെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണ് നമ്മുടെ മനസ്സ്. നമ്മുടെ മുഖം തെളിഞ്ഞു കാണണമെങ്കിൽ, കണ്ണാടിയിലെ പൊടിയും മറ്റ് അഴുക്കുകളും തുടച്ചു മാറ്റണം. അതേ പോലെ മനസ്സിൽ അടിഞ്ഞു കൂടിയിരിക്കുന്ന മാലിന്യങ്ങൾ നീക്കിയാൽ മാത്രമേ അവിടുത്തെ ദർശിക്കാൻ കഴിയൂ. അതിനു പറ്റിയ മാർഗ്ഗമായിട്ടാണ് ക്ഷേത്രാരാധനയും മറ്റാചാരങ്ങളും ഹിന്ദു മതത്തിൽ നമ്മുടെ പൂർവ്വികർ വിധിച്ചിട്ടുള്ളത്. ഹിന്ദു മതത്തിൽ ഈശ്വരനെ തിരയുന്നത് പുറമേയല്ല ഉള്ളിലാണ്. കാരണം, ഈശ്വരനെ പ്രത്യേകിച്ച് തിരയേണ്ട കാര്യമില്ല. അവിടുന്ന് നമ്മുടെ മുന്നിൽ തന്നെയുണ്ട്. എന്നാൽ മനസ്സിനെ മൂടിയിരിക്കുന്ന അഴുക്കുകൾ കാരണം കാണാനാകുന്നില്ല. അതിനാൽ മനസ്സിനെ വൃത്തിയാക്കിയാൽ മാത്രം മതി, അവിടുത്തെ ദർശിക്കാനാകും.

ചിലർ പറയും വിവാഹം വെറും ഒരു താലി കെട്ടലല്ലേയെന്ന്. ശരിയാണ് വെറും ഒരു ചരട് കഴുത്തിൽ കെട്ടുകയാണ്. എന്നാൽ ആ ചരടിനും ആ മുഹൂർത്തത്തിനും നമ്മൾ എത്ര വിലയാണ് കല്പിക്കുന്നത്.! ജീവിതത്തിന്റെ അസ്ഥിവാരം കുറിക്കുന്ന മുഹൂർത്തമാണത്. ആ ചടങ്ങിന് നമ്മൾ കല്പിക്കുന്നത്, ആ ചരടിന്റെ വിലയല്ല, ജീവിതത്തിന്റെ മൊത്തം വിലയാണ്. ഇതേ പോലെ വിഗ്രഹത്തിന്റെ വില വെറും കല്ലിന്റേതല്ല. അത് വിലമതിക്കാനാകാത്തതാണ്. പ്രപഞ്ചനാഥന് തുല്യമാണ് അതിന്റെ സ്ഥാനം.

**ചോദ്യം: വിഗ്രഹത്തെക്കാൾ അധികം അതു കൊത്തിയ ശില്പിയെയല്ലേ ആരാധിക്കേണ്ടത്?**

**അമ്മ:** ശരിതന്നെ. വിഗ്രഹത്തിൽ ആ സർവ്വേശ്വരനെ സങ്കല്പിച്ച് പ്രാർത്ഥിക്കുന്നതിലൂടെ അന്തഃകരണ ശുദ്ധി കൈവന്ന്, സർവ്വതിലും ഈശ്വരനെ ദർശിച്ച് ആരാധിക്കാൻ കഴിയുന്ന തലത്തിലേക്ക് ഉയരുവാൻ കഴിയുന്നു. ഇതാണ് വിഗ്രഹാരാധനയുടെ ലക്ഷ്യം.

ഒരു കാര്യം ചിന്തിക്കണം. ആരെങ്കിലും ഒരു പാർട്ടിയുടെ പതാക കാണുമ്പോൾ അതു തയ്ച്ച തയ്യൽക്കാരനെ ഓർക്കാറുണ്ടോ? മറിച്ച് അവർ ഓർക്കുന്നത് ആ പാർട്ടിയുടെ നേതാക്കന്മാരെയാണ്. ആരെങ്കിലും സ്വന്തം പിതാവിന്റെ ചിത്രം കാണുമ്പോൾ അതു വരച്ച ആർട്ടിസ്റ്റിനെ സ്മരിക്കാറുണ്ടോ? മറ്റുള്ള ചിഹ്നങ്ങളെല്ലാം മനുഷ്യനെ സ്വാർത്ഥതയിൽതന്നെ, പരിമിതികളിൽ തന്നെ, കെട്ടി നിർത്തുമ്പോൾ, ഈശ്വര ചിഹ്നങ്ങൾ, വിഗ്രഹങ്ങൾ, അവനെ വിശാലതയിലേക്ക് നയിക്കുന്നു; അവനെ നിസ്വാർത്ഥതയിലേക്ക് നയിക്കുന്നു. സർവ്വതിലും ഈശ്വരനെ ദർശിക്കുവാനുള്ള കഴിവു നല്കുന്നു.

ഈശ്വര ചിഹ്നങ്ങൾ ഹിന്ദുമതത്തിൽ മാത്രമല്ല ഉള്ളത്. ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ അവ എല്ലാ മതങ്ങളിലും ഉണ്ട്.

**ചോദ്യം: വിഗ്രഹാരാധനയുടെ തുടക്കം എവിടെയാണെന്നു പറയുവാൻ കഴിയുമോ?**

**അമ്മ:** രാക്ഷസനായ ഹിരണ്യാക്ഷന്, പുത്രൻ പ്രഹ്ലാദൻ ഹരിനാമം ചൊല്ലുന്നത് ഇഷ്ടമായില്ല. പ്രഹ്ലാദൻ ഹരിനാമം ജപിക്കുന്നതു നിർത്തുവാൻ രാജാവ് ആവുന്ന പണിയെല്ലാം നോക്കി. വിജയിച്ചില്ല. ശ്രമം വിഫലമായപ്പോൾ അവസാനം താൻതന്നെ ഒരു കൈ നോക്കാമെന്നു ചിന്തിച്ചു. പ്രഹ്ലാദനെകൊണ്ടുവന്നു നിർത്തിയിട്ട്, എവിടെ നിന്റെ വിഷ്ണു എന്നു ചോദിച്ചു. അവിടുന്ന് തൂണിലും, തുരുമ്പിലും വസിക്കുന്നു എന്ന് കുട്ടിയായ പ്രഹ്ലാദൻ പറയുമ്പോൾ, ഈ തൂണിലുണ്ടോ എന്ന് ചോദിച്ചുകൊണ്ട് പിതാവ് ഒരു തൂണിനു നേരെ വിരൽ ചൂണ്ടി. ആ തൂണിലും അവിടുന്ന് വസിക്കുന്നു എന്ന പ്രഹ്ലാദന്റെ മറുപടി കേട്ട് ക്രുദ്ധനായ ഹിരണ്യാക്ഷൻ ഗദകൊണ്ടു ആ തൂണിൽ ശക്തിയായി അടിച്ചു. അതിന്റെ ശക്തിയിൽ തൂണ് പിളർന്നു. ഉള്ളിൽ നിന്നും നരസിംഹമൂർത്തി പുറത്തുവന്നു. ഭക്തനായ പ്രഹ്ലാദന്റെ നിഷ്കളങ്കമായ ഹൃദയത്തിൽനിന്നു വന്ന വാക്ക് സത്യമായി. വാസ്തവത്തിൽ അതാണ് ക്ഷേത്രപ്രതിഷ്ഠയുടെ തുടക്കം എന്ന് പറയാം. വെറും ഒരു തൂണിൽ ഈശ്വരനുണ്ട് എന്ന വിശ്വാസം. ആ വിശ്വാസം ദൃഢമായപ്പോൾ അത് സത്യമായി.

ഇതേ പോലെ ജഢത്തിലും ചൈതന്യം ദർശിക്കുവാൻ പ്രാപ്തരായവരാണ് ഋഷിമാർ. കാരണം ചൈതന്യമല്ലാതെ മറ്റൊന്നും പ്രപഞ്ചത്തിലില്ല. എന്നാൽ അത് കാണുവാനുള്ള ദൃഷ്ടി സാധാരണക്കാർക്കില്ലാതെ പോയി. ആ ദൃഷ്ടി തുറക്കുന്നതിനു വേണ്ടിയാണ് ആചാരനുഷ്ഠാനങ്ങൾ ഋഷീശ്വരന്മാർ നിർദ്ദേശിച്ചിട്ടുള്ളത്.

ഋഷീശ്വരന്മാരുടെ വാക്കിനോടൊപ്പം സത്യം വന്നുചേരുകയാണ്. സത്യവാൻ സാവിത്രിയുടെ കഥ എന്താണ് പഠിപ്പിക്കുന്നത്. ഭർത്താവ് മരിച്ചു. ഭർത്താവിന്റെ ജീവനു വേണ്ടി ഭാര്യ യമനോട് കേണപേക്ഷിച്ചു. ജിവനൊഴിച്ചു മറ്റെന്തു വരം വേണമെങ്കിലും ചോദിച്ചു കൊള്ളുവാൻ പറഞ്ഞു. അവസാനം പുത്ര ഭാഗ്യം നൽകി അനുഗ്രഹിച്ചു. പതിവ്രതയും വിധവയുമായ സ്ത്രീക്ക് എങ്ങിനെ സന്താനം ലഭിക്കും? യമനു തന്റെ വാക്കു സത്യമാകാൻ വേണ്ടി സത്യവാനു ജീവൻ നൽകേണ്ടി വന്നു. ഋഷിമാർ അവർക്ക് വേണ്ടി യാതൊന്നും സങ്കൽപ്പിക്കാറില്ല. എന്നാൽ നിഷ്കളങ്കമായ പ്രാർത്ഥനയുടെ ഫലമായി മഹാത്മാക്കളിൽ നിന്നും വരുന്ന ഏതൊരു വാക്കും സത്യമായി തീരുമെന്നാണ് ഇതുവരെയുള്ള അനുഭവം. ഇതിനെന്താണ് ഇന്ന് തെളിവ് എന്ന് ചോദിച്ചാൽ, പൂർവ്വികരുടെയും ഇന്നുള്ളവരുടേയും ജീവിതാനുഭവങ്ങൾ തന്നെ. കൊലപാതകംപോലെ ഒരു കാര്യം ആയിരം പേരു കണ്ടില്ല എന്ന് പറയുന്നതിനെയല്ല, ഒരാളു കണ്ടു എന്നു പറയുന്നതിനെയാണ് കോടതി തെളിവായി സ്വീകരിക്കുന്നത്.

ആധുനിക കാലത്തുപോലും ജഡ്ജി ഒരാളുടെ വാക്കിനെയാണ് തെളിവായി സ്വീകരിക്കുന്നത്. എന്നാൽ ഹിന്ദു ധർമ്മത്തിലെ വാക്കുകൾ ഒരു ഋഷിയുടേതു മാത്രമല്ല, നൂറ് കണക്കിന് ഋഷിമാരുടെ അനുഭവമാണ്. നമുക്കനുഭവമില്ല എന്ന് പറഞ്ഞ് നിഷേധിക്കുന്നത് വിഡ്ഢിത്തമാണ്. അവർ പറഞ്ഞുതന്ന പാതയിൽ കൂടി നീങ്ങി, ആ ശാശ്വത സത്യത്തെ സ്വയം അനുഭവിക്കുന്നതാണ് ബുദ്ധി.

**ചോദ്യം: ഈശ്വരൻ സർവ്വവ്യാപിയാണെങ്കിൽ ക്ഷേത്രത്തിന്റെ ആവശ്യമെന്താണ്?**

**അമ്മ:** പലരു ചേർന്നു് ഒരേ മനസ്സായി പ്രാർത്ഥിക്കുന്ന ആരാധനാലയങ്ങൾക്കു മറ്റു സ്ഥലങ്ങൾക്കില്ലാത്ത പ്രത്യേകതയുണ്ട്. അവിടുത്തെ തരംഗങ്ങൾ ഏകാഗ്രതയുടെതാണ്. നമ്മുടെ മനസ്സിനു വേഗം ഏകാഗ്രത ലഭിക്കുവാൻ ഇതു സഹായകമാകുന്നു. കള്ളുഷാപ്പിലെ തരംഗമല്ല ആരാധനാലയത്തിലുള്ളത്. ക്ഷേത്രത്തിൽ ജനിക്കാം, എന്നാൽ ക്ഷേത്രത്തിൽ മരിക്കരുത്. ഈശ്വരാന്വേഷണത്തിൽ ക്ഷേത്രത്തെ ഉപാധിയാക്കാം, എന്നാൽ അതിൽത്തന്നെ ബന്ധിച്ചു നില്ക്കാൻ പാടില്ല. എല്ലാ ബന്ധനങ്ങളിൽനിന്നുമുള്ള മോചനമാണു് ഒരുവനെ പൂർണ്ണ സ്വതന്ത്രനാക്കുന്നത്. ചെറുപ്പത്തിൽ കുട്ടികളെ തത്തയുടെയും, മൈനയുടെയും മറ്റും പടം കാണിച്ചിട്ട്, ഇത് തത്ത, ഇത് മൈന എന്നിങ്ങനെ പഠിപ്പിക്കും, വലുതായി കഴിഞ്ഞാൽ തത്തയേയും മൈനയേയും തിരിച്ചറിയാൻ ഈ പടത്തിന്റെ ആവശ്യമില്ല. പക്ഷെ തുടക്കത്തിൽ അതാവശ്യമായിരുന്നു.

ക്ഷേത്രത്തിൽ ജനിക്കാം അവിടെ മരിക്കരുതെന്നു പറയും. ക്ഷേത്രാരാധന തുടക്കമാണ്. അതിലൂടെ എല്ലായിടത്തും ആ ഈശ്വരചൈതന്യം ദർശിക്കുവാൻ കഴിവു നേടണം. അതാണു് ആരാധനയുടെ പൂർണ്ണത. വാസ്തവത്തിൽ എല്ലാം ഈശ്വരൻതന്നെ. ഒന്നും തള്ളാനില്ല. വീടിന്റെ മുകളിലേക്കുള്ള പടികളും, മുകളിലത്തെ നിലയും പണിതിരിക്കുന്നതു് ഒരേ കല്ലും സിമന്റും ഉപയോഗിച്ചാണ്. അതറിയാൻ കഴിഞ്ഞതു മുകളിലെത്തി നോക്കിയപ്പോഴാണ്. അവിടേക്കെത്താൻ പടികൾ വേണ്ടിവന്നു.

ഇതുപോലെ എല്ലാം ചൈതന്യമാണ്. ജഡവസ്തുവെന്നൊന്നില്ല. അങ്ങനെ സർവ്വതിനെയും ചൈതന്യമായിക്കണ്ടു സ്നേഹിക്കുന്ന, സേവിക്കുന്ന ഭാവമാണു് ഈശ്വരാരാധനയിലൂടെ കൈവരുന്നത്. സർവ്വതിനെയും സ്വീകരിക്കുന്ന മനോഭാവമാണത്. കേടായ വാച്ചും രണ്ടുനേരം കൃത്യമായി സമയം കാണിക്കും അതുപോലെ ലോകത്തിൽ ഒന്നും തള്ളാനില്ല, കൊള്ളാനേയുള്ളൂ.

താനും തനിക്കു ചുറ്റുമുള്ളതും എല്ലാം ഈശ്വരനാണെന്നറിയുകയാണ് വേണ്ടത്. എല്ലാത്തിനേയും ഒന്നായിക്കാണുവാൻ, തന്നേപ്പോലെ കാണുവാൻ കഴിയുന്ന ഒരു ഭാവമാണ് വരേണ്ടത്. സർവ്വതിലും ഈശ്വരനെ ദർശിക്കുവാൻ സാധിച്ചാൽ പിന്നെ നമുക്കെന്തിനെ വെറുക്കുവാൻ സാധിക്കും? ഈ തലത്തിലേക്ക് ഒരുവനെ കൈപിടിച്ചു നയിക്കുകയാണ് ക്ഷേത്രവും അതിലെ ആചാരങ്ങളും കൊണ്ട് ലക്ഷ്യമാക്കുന്നത്.

വീടിന്റെ മുകളിലേക്കെത്തുവാൻ പടികൾ സഹായിക്കും. മുകളിലെത്തി താഴേക്കു നോക്കുമ്പോൾ അറിയാറാകും, മുകളിലത്തെ നിലയും, അവിടേക്കു വരാൻ സഹായിച്ച പടികളും നിർമ്മിച്ചിരിക്കുന്നത് ഒരേ വസ്തുകൊണ്ടുതന്നെയാണെന്ന്. ഇത് മനസ്സിലാക്കിത്തരികയാണ് ക്ഷേത്രാരാധനയുടെ ലക്ഷ്യം. മാലയും വളയും, മോതിരവും പാദസരവും എല്ലാം കാണുമ്പോൾ ഭിന്നങ്ങളായി തോന്നാം. അവ അണിയുന്നതും വ്യത്യസ്ത അവയവങ്ങളിലാണ്. എന്നാൽ അവയെല്ലാം സ്വർണ്ണം തന്നെയാണ്. സ്വർണ്ണത്തിന്റെ തലത്തിൽ നോക്കുമ്പോൾ എല്ലാം ഒന്നു തന്നെ, യാതൊരു ഭേദവും

ഇല്ല. ബാഹ്യാകൃതി വച്ചു നോക്കുമ്പോഴോ, ഭിന്നങ്ങളാണ്. ഇതുപോലെ നമുക്കു ചുറ്റുമുള്ളവയെല്ലാം വ്യത്യസ്തങ്ങളായി തോന്നാമെങ്കിലും തത്ത്വത്തിൽ അവയെല്ലാം ഒന്നു തന്നെ– ബ്രഹ്മം. അതൊന്ന് മാത്രമേ ഇവിടെയുള്ളൂ. ഇത് അനുഭവതലത്തിൽ അറിയുക എന്നതാണ് മനുഷ്യ ജന്മത്തിന്റെ ലക്ഷ്യം. അതറിയുന്നതോടെ അവന്റെ പ്രശ്നങ്ങൾ എല്ലാം അസ്തമിക്കും, സൂര്യനുദിക്കുന്നതോടെ അന്ധകാരം ഒഴിയുന്നത് പോലെ. ഇന്ന് ശാസ്ത്രജ്ഞൻമാരും പറയുന്നു, 'എല്ലാം ഊർജ്ജമാണ്, വസ്തു ഇല്ല' എന്ന്. അതാണ് ഋഷികൾ പറഞ്ഞത്, 'സർവ്വം ബ്രഹ്മമയം' എന്ന്. ഇതറിയണമെങ്കിൽ വെറുതെ ക്ഷേത്രത്തിൽ ചെന്ന് അവിടെയുള്ള വിഗ്രഹത്തിൽ മാത്രം ഈശ്വരനെ ദർശിച്ചാൽ പോരാ, സർവ്വതിലും ആ ചൈതന്യത്തെ ദർശിക്കാൻ കഴിയണം. ഇതിനു സാധിക്കണമെങ്കിൽ ഈശ്വരാരാധന പാർടൈം ആകരുത്, ഫുൾടൈം ആകണം. ക്ഷേത്രാരാധനയിലൂടെ നമ്മുടെയുള്ളിൽ ക്ഷേത്രം പണിയണം. ആ ശ്രീകോവിലിൽ ഈശ്വരനെ പ്രതിഷ്ഠിച്ചു ദർശിക്കാൻ സാധിക്കണം. പിന്നെ എവിടെയും ഈശ്വരനെ ദർശിക്കാൻ കഴിയും. അതായിരിക്കണം ക്ഷേത്ര ദർശനത്തിന്റെ പിന്നിലെ ലക്ഷ്യം. ക്ഷേത്ര ശ്രീകോവിലിനു മുന്നിൽ നിന്ന് വിഗ്രഹത്തെ ദർശിച്ചതിനു ശേഷം കണ്ണുകളടയ്ക്കുന്നതിലൂടെ നാമതാണ് ചെയ്യുന്നത്. പുറമെ ദർശിച്ച ഈശ്വരരൂപത്തെ ഹൃദയത്തിൽ കാണുക. പിന്നീടു കണ്ണുതുറന്നു സർവ്വതിലും ഈശ്വരനെ ദർശിക്കുക.

പക്ഷെ ഇന്നുള്ളവരുടെ മനസ്സിൽ കണ്ണടച്ചാൽ തെളിയുന്നത് ആഗ്രഹങ്ങൾ മാത്രമാണ്. ഇതുമൂലം, ക്ഷേത്ര ദർശനത്തിലൂടെ നേടേണ്ടതായ മന:ശാന്തി പൂർണ്ണമായും അനുഭവിയ്ക്കാൻ കഴിയുന്നില്ല. ഇന്നു ക്ഷേത്രങ്ങളിൽ പോകുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പക്ഷെ സംസ്കാരം അതിനനുസരിച്ച് വളരുന്നുണ്ടോ എന്നു സംശയമാണ്. കാരണം നമ്മുടെ സംസ്കാരം എന്തെന്ന് ശരിയായി പറഞ്ഞു കൊടുക്കുവാനുള്ള ഏർപ്പാടുകൾ ക്ഷേത്രങ്ങളിൽ ഇല്ലെന്നു തന്നെ പറയാം. അതിനാൽ ആഗ്രഹങ്ങൾ സാധിക്കുന്നതിനുള്ള ഉപാധിയായി മാത്രം ജനങ്ങൾ ക്ഷേത്രത്തെ കാണുന്നു. ഇന്നു ക്ഷേത്രാരാധന വെറും അനുകരണം മാത്രമാണ്, തത്ത്വമറിഞ്ഞുള്ളതല്ല. അച്ഛന്റെകൂടെ മകൻ ക്ഷേത്രത്തിൽപ്പോയി. അച്ഛൻ വലത്തിട്ടു, മകനും പിന്തുടർന്നു. അച്ഛൻ അവിടെ കാട്ടിയതൊക്കെ അനുകരിച്ചു മകൻ വളർന്നു. മകൻ തന്റെ മകനെയുംകൂട്ടി ക്ഷേത്രത്തിൽപ്പോയി. മുമ്പു നടന്നതു് അവിടെ വീണ്ടും ആവർത്തിച്ചു. എന്നാൽ എന്തിനാണിതൊക്കെ ചെയ്യുന്നതെന്നു ചോദിച്ചാൽ അറിയില്ല. അതറിയുവാനുള്ള വഴിയും ഇന്നു ക്ഷേത്രങ്ങളോടനുബന്ധിച്ചില്ല. അതിനാൽ ആദ്ധ്യാത്മികതയെക്കുറിച്ചും ക്ഷേത്രാചാരങ്ങളുടെ പിന്നിലുള്ള തത്ത്വങ്ങളെക്കുറിച്ചും വെളിവാക്കിക്കൊടുക്കുവാനുള്ള വേദികൾ ക്ഷേത്രങ്ങളോടനുബന്ധിച്ചുണ്ടാകണം. ക്ഷേത്രം മനുഷ്യമനസ്സിൽ സംസ്കാരം വിളയിക്കുന്ന കേന്ദ്രങ്ങളായി മാറണം. എങ്കിൽ മത്രമേ നമ്മുടെ തിളക്കമാർന്ന പൈതൃകം വീണ്ടെടുക്കാൻ കഴിയൂ. ലോകത്തിനു മുഴുവൻ അദ്ധ്യാത്മിക ചൈതന്യം പകരുന്ന രാഷ്ട്രത്തിന്റെ സ്ഥാനത്തേക്ക് ഭാരതം ഉയരുകയുള്ളൂ.

**ചോദ്യം: ക്ഷേത്രങ്ങളിൽ എന്തിനാണു ഈശ്വരനു വഴിപാടുകൾ സമർപ്പിക്കുന്നത്?**

**അമ്മ:** പൂജയിൽ ഇഷ്ടമുള്ളതെന്തും ഈശ്വരനു സമർപ്പിക്കും. ഒരു സാരി കിട്ടിയാൽ അതും ഈശ്വരനു മുമ്പിൽ സമർപ്പിക്കും. ആദ്യം ഈശ്വരൻ ഉടുക്കട്ടെ എന്നാണു സങ്കല്പം. ഇതിൽക്കൂടി മനസ്സിൽ ധർമ്മബോധം വളരുന്നു. എന്തു കിട്ടിയാലും മറ്റുള്ളവർക്കുകൂടി പങ്കുവയ്ക്കുവാൻ ഇതിലൂടെ മനസ്സു പഠിക്കുന്നു.

പായസം വച്ചാൽ അതു് ആദ്യം ഈശ്വരനു നിവേദിക്കും. തുടർന്നു് അവിടെയുള്ള എല്ലാവർക്കും നല്കും. പിന്നീടു മാത്രമേ സ്വയം ഭക്ഷിക്കൂ. ഇങ്ങനെ ഈശ്വരാരാധനയിലൂടെ പൂർവ്വികർ മനുഷ്യനിൽ ധർമ്മബോധം വളർത്തി ഈശ്വരനെ പൂജിക്കുന്ന പ്രകൃതിയെ സംരക്ഷിക്കുന്ന എന്തും മറ്റുള്ളവർക്കു കൂടി പങ്കുവയ്ക്കുന്ന ഒരു തത്ത്വമാണു ഹിന്ദുധർമ്മം പഠിപ്പിക്കുന്നത്.

സമർപ്പിക്കുക എന്നതിന്റെ പിന്നിൽ മനസ്സിനെ സമർപ്പിക്കുക എന്നാണ്. മനസ്സിനെ എടുത്തു സമർപ്പിക്കാൻ കഴിയില്ല. മനസ്സിനിഷ്ടമുള്ളതു സമർപ്പിക്കുന്നതിലൂടെ സമർപ്പിക്കപ്പെടുന്നതു മനസ്സാണ്. നമുക്കിഷ്ടമുള്ള പായസം തുടങ്ങിയ മധുരപലഹാരങ്ങൾ, സ്വത്ത് ഇവയൊക്കെയാണ്. തൊണ്ണൂറ്റിയെട്ടു വയസ്സുള്ള അമ്മയെപ്പോലും പണത്തിനുവേണ്ടി കോടതയിൽ കയറ്റാൻ മടിക്കാത്ത മക്കളുണ്ട്. അപ്പോൾ, നമ്മുടെ ബന്ധം സ്വത്തിനോടല്ലേ.

**ചോദ്യം: ഹിന്ദുമതത്തിൽ അനാചാരങ്ങൾ നിലവിൽ വരാൻ കാരണമെന്താണ്?**

**അമ്മ:** ക്രിസ്തുമതത്തിലും ഇസ്ലാംമതത്തിലും മറ്റും ജനിക്കുന്ന നാൾ മുതൽ മതപഠനവും ആരംഭിക്കും. പള്ളിയിൽ പോകണമെന്നത് നിർബ്ബന്ധമാണ്. അതുകൊണ്ട്, ആ മതങ്ങളിലുള്ളവർക്ക് തങ്ങളുടെ മതാചാരങ്ങളെക്കുറിച്ചും, മതതത്ത്വങ്ങളെക്കുറിച്ചും വ്യക്തമായ അറിവുണ്ട്. എന്നാൽ ഹിന്ദുമതത്തിൽ ഇങ്ങിനെയുള്ള നിഷ്കർഷകളൊന്നും ഇല്ല. അതിനാൽ ശരിയായ ആദ്ധ്യാത്മിക ബോധം ഹിന്ദുക്കളിൽ ഭൂരിപക്ഷത്തിനും ഇല്ലെന്നുതന്നെ പറയാം. കാലാകാലങ്ങളിൽ പ്രചരിച്ച അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് ഹിന്ദുമതം എന്നു വിചാരിക്കുന്നു. അതിനെ ചിലർ പിന്തുടരുന്നു. ചിലർ യുക്തിക്ക് നിരക്കുന്നില്ലെന്ന് പറഞ്ഞ് നിഷേധിക്കുന്നു. എന്നാൽ ശരിയായ തത്ത്വം എന്താണെന്നന്വേഷിക്കുവാൻ, ഋഷിമാർ പറഞ്ഞത് വാസ്തവത്തിൽ എന്താണെന്ന് മനസ്സിലാക്കുവാൻ ആരും മുതിരുന്നില്ല. അഥവാ ചിലർ തയ്യാറായാൽ തന്നെ അതിനുള്ള അവസരങ്ങൾ വേണ്ടത്ര ഇല്ല താനും. പണ്ടു കാലങ്ങളിൽ ക്ഷേത്രങ്ങളിൽ കൂടി ശരിയായ മതബോധം പ്രചരിച്ചിരുന്നു. ഇന്ന് ക്ഷേത്രങ്ങളിൽ ഈ വക കാര്യങ്ങൾ പറഞ്ഞുകൊടുക്കുവാനാളില്ല.

അതിനാൽ ക്ഷേത്രങ്ങളുടെ ഭരണാധികാരികൾ നമ്മുടെ സംസ്കാരം ഉണർത്തുവാനായി ആദ്ധ്യാത്മിക കാര്യങ്ങൾ വരുന്നവർക്കു പറഞ്ഞു കൊടുക്കുവാനുള്ള സൗകര്യം ചെയ്യണം. സംസ്കാരം വളർത്തുവാനായി ബോധവല്ക്കരണം നടത്തണം. ക്ഷേത്രങ്ങളോടനുബന്ധിച്ച് അതിനുള്ള അവസരങ്ങൾ സൃഷ്ടിക്കണം. ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ തത്ത്വങ്ങൾ വിശദീകരിച്ചു വിലകുറച്ചു വിതരണം ചെയ്യണം.

**ചോദ്യം: ചിലർ ലളിതാസഹസ്രനാമം ഗൃഹസ്ഥാശ്രമികൾ ചൊല്ലരുതെന്നു പറയുന്നതു കേട്ടു? ഇതിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ?**

**അമ്മ:** പുരോഹിതന്മാർ അവരുടെ സ്വാർത്ഥതയ്ക്കായി പ്രചരിപ്പിച്ച പല അന്ധവിശ്വാസങ്ങളുമാണ് ഇന്ന് പലയിടത്തും നിലനില്ക്കുന്നു. കുറച്ചൊക്കെ മാറിയിട്ടുണ്ടെന്നത് ശരി തന്നെ. എങ്കിലും എത്രയോ ഇനിയും മാറേണ്ടതായിട്ടുണ്ട്. ദേവീ മന്ത്രം ജപിക്കാൻ പാടില്ല. സ്ത്രീകൾ ദേവിസഹസ്രനാമം ചൊല്ലൻ പാടില്ല. എന്നും മറ്റും വിശ്വസിക്കുന്നവർ ഇന്നുമുണ്ടെന്ന് പറഞ്ഞാൽ എങ്ങിനെ അതിശയിക്കാതിരിക്കും. 'ശ്രീ മാത്രേ നമഃ' എന്നു പറഞ്ഞാൽ 'മാതാവിനായിക്കൊണ്ട് നമസ്കാരം' എന്നാണു് അർത്ഥം. സ്വന്തം അമ്മയെ വിളിക്കാൻ സപ്തസ്വരം പഠിക്കേണ്ട കാര്യമുണ്ടോ. എല്ലാം

ക്ഷമിക്കുന്നവളല്ലേ അമ്മ. സ്വന്തം കുഞ്ഞിന്റെ ഏതു തെറ്റും ക്ഷമിക്കുന്നവളാണ് സാധാരണ പെറ്റമ്മ, അങ്ങിനെയാകുമ്പോൾ പ്രേമസ്വരൂപിണിയായ ദേവിയ്ക്ക്, തന്റെ ഭക്തരുടെ തെറ്റുകൾ ക്ഷമിയ്ക്കുവാൻ കഴിയില്ലേ? ദേവി നോക്കുന്നത്, നമ്മൾ എന്തു പറയുന്നു എന്നല്ല. നമ്മുടെ ഹൃദയത്തിന്റെ ഭാവമാണ്. ഹൃദയത്തിന്റെ നിഷ്കളങ്കത മാത്രമാണ് അവിടുന്ന് നോക്കുന്നത്. തെറ്റു പറ്റാതെ എങ്ങിനെ ഒരു കാര്യം പഠിച്ചെടുക്കുവാൻ കഴിയും? എല്ലാവരും ജ്ഞാനികളായിട്ടാണോ പിറന്നു വീഴുന്നത്? എത്രയോ വീഴ്ചകൾ വരുത്തിയിട്ടാണ് ഓരോരുത്തരും ശരിയിലേക്കെത്തുന്നത്. ആദ്യ വീഴ്ചയിൽ തന്നെ അവരെ ഉപേക്ഷിച്ചാൽ എങ്ങിനെ അവർക്ക് പൂർണ്ണതയെ പ്രാപിക്കാൻ സാധിക്കും? ഇതൊന്നും അറിയാൻ വിശാലതയില്ലാത്തവളാണോ ദേവി. മന്ത്രം തെറ്റിച്ചു ചൊല്ലിയാൽ പാപമാണ്, നരകമാണ് എന്ന് വിധിക്കുന്ന പണ്ഡിതന്മാർ, ഈ മന്ത്രങ്ങൾ പഠിക്കുന്ന സമയം എത്രയോ തെറ്റുകൾ വരുത്തിയിട്ടുണ്ട്! അതിനവർ എത്ര നരകത്തിൽ പോയാൽ മതിയാകും.

**ചോദ്യം: ഗുരുവിനെ എന്തുകൊണ്ടു് ഈശ്വരൻ എന്നു പറയുന്നു?**

**അമ്മ:** എം.ബി.ബി.എസ് എടുത്ത ആളെയും ഡോക്ടറേറ്റ് എടുത്ത ആളെയും എന്തുകൊണ്ടു ഡോക്ടർ എന്നു വിളിക്കുന്നു.

സാധാരണ കിട്ടത്തതിൽ കവിഞ്ഞ സ്നേഹം, അറിവ്, കൃപ ഇവയൊക്കെ ഗുരുവിൽനിന്നും കിട്ടുന്നു. ഈശ്വരന്റെ ഗുണങ്ങളായ ഇവയൊക്കെ നല്കുന്ന ഗുരുവിനെ എന്തുകൊണ്ടു് ഈശ്വരൻ എന്നു വിളിച്ചുകൂടാ.

**ചോദ്യം: ഗുരുസങ്കല്പം ഹിന്ദുമതത്തിന്റെ മാത്രം പ്രത്യേകതയാണോ?**

**അമ്മ:** ഗുരു സങ്കല്പം ഹിന്ദു മതത്തിൽ മാത്രമല്ല ഉള്ളത്, എല്ലാ മതങ്ങളിലും അതു കാണുവാൻ കഴിയും. മതതത്ത്വങ്ങളും, മതാനുഷ്ഠാനങ്ങളും അതിനു നിർദ്ദേശിക്കപ്പെട്ട ആളിൽ നിന്നുമല്ലേ മറ്റുള്ളവർ പഠിക്കുന്നത്. അത് പഠിക്കുവാൻ കഴിയുന്നത് അവരിലുള്ള വിശ്വാസം കൊണ്ടല്ലേ. അവരെ അനുസരിക്കുന്നത് കൊണ്ടല്ലേ. ആപ്പോൾ അവിടെ ഗുരു ശിഷ്യ ബന്ധം വന്നു കഴിഞ്ഞു. ക്രിസ്തുവിന് ശിഷ്യന്മാർ ഉണ്ടായിരുന്നില്ലെ. മുഹമ്മദ് നബി മറ്റുള്ളവരെ ഉപദേശിച്ചിരുന്നില്ലേ! ബുദ്ധനു ശിഷ്യഗണങ്ങൾ ഉണ്ടായിരുന്നില്ലേ. ഗുരു ശിഷ്യ ബന്ധത്തിന്റെ മഹത്വവും പാവനതയും എറ്റവും അധികം മനസ്സിലാക്കിയിരുന്നതും ഇന്നും അധികം തുടരുന്നതും ഹിന്ദു മതത്തിലാണെന്നു പറയാം.

**ചോദ്യം: ഹിന്ദുമത ഗ്രന്ഥകർത്താക്കളെക്കുറിച്ചു ഭിന്നാഭിപ്രായങ്ങൾ നിലനില്ക്കുന്നതെന്തുകൊണ്ടാണ്?**

**അമ്മ:** ഹിന്ദുമതത്തിൽ വ്യക്തിഭാവത്തെ വിശ്വഭാവത്തിൽ – ഈശ്വരഭാവത്തിൽ – ലയിപ്പിക്കുക എന്ന തത്ത്വമാണുള്ളത്. അതിനാൽ ഞാൻ ഭാവത്തിന് അത്ര പ്രാധാന്യം നൽകുന്നില്ല. വ്യക്തി ഭാവത്തെ ഇല്ലാതാക്കാനാണ് ശ്രമം. ഞാൻ ഭാവം ഇല്ലാതാകുമ്പോഴേ താൻ ഈശ്വരനാണെന്ന് അറിയാൻ കഴിയൂ. ഇതു മൂലം ഹിന്ദുമതഗ്രന്ഥങ്ങൽ പലതിലും അതാരാണ് എഴുതിയത് എന്നതിന് അത്ര പ്രാധാന്യം കല്പിക്കാറില്ല. എഴുതുന്നയാൾ തന്നെ പരമാവധി മാറ്റി നിർത്താനാണ് ശ്രമിക്കാറുള്ളത്. ആരെഴുതി എന്നതിനെക്കാൾ എന്തു പറഞ്ഞിരിക്കുന്നു എന്നതിനാണ് കൂടുതൽ പ്രാധാന്യം കല്പിച്ചിരിക്കുന്നത്. ചിലർ സ്വന്തം പേര് മറച്ചിട്ട് തൂലികാ നാമം മാത്രം

എഴുതും. ഇതുമൂലം പല ഗ്രന്ഥകർത്താക്കളെ ക്കുറിച്ചും വ്യക്തമായ തെളിവില്ലാത്ത കാരണം ഭിന്നാഭിപ്രായങ്ങൾ വരുന്നു.

**ചോദ്യം: പുരാണങ്ങൾ യുക്തിക്കു നിരക്കുന്നതാണോ?**

**അമ്മ:** വേദങ്ങളെ മാത്രമേ പ്രമാണഗ്രന്ഥമായി സ്വീകരിക്കുന്നുള്ളൂ. പുരാണം പ്രമാണമായി എടുത്തിട്ടില്ല. അതിൽ സംശയം തോന്നിയാൽ വേദങ്ങളിൽ തിരയണം. വേദവിരുദ്ധമായി കണ്ടാൽ പുരാണഭാഗം തള്ളിക്കളയാനാണ് ആചാര്യന്മാർ വിധിച്ചിട്ടുള്ളത്. കാലത്തിനനുസരിച്ചു ജനങ്ങളെ ഉദ്ധരിക്കുവാൻ വേണ്ടി വേദതത്ത്വങ്ങൾ കഥാരൂപത്തിൽ രചിച്ചിട്ടുള്ളതാണു പുരാണങ്ങൾ. ശാസ്ത്രങ്ങളുടെ സഹായത്തോടെ പുരാണങ്ങളിലെ ആദ്ധ്യാത്മികതത്ത്വം കണ്ടെത്തണം. കരിമ്പു കിട്ടിയാൽ മുഴുവൻ ആരും ചവച്ചിറക്കാറില്ല. നീരെടുത്തു ചണ്ടി തുപ്പിക്കളയും.

പുരാണങ്ങൾ നോക്കിയാൽ അതിൽ പല കഥകളും കാണുവാൻ കഴിയും. ചിലത് വെറും കുട്ടിക്കഥകളായി തോന്നാം. എന്നാൽ അവയോരോന്നും വിവിധ തരത്തിലുള്ള ആളുകളെ ഉദ്ദേശിച്ച് പറഞ്ഞിട്ടുള്ളതാണ്. എല്ലാത്തിന്റെയും ലക്ഷ്യം ഏകമായ പരമതത്ത്വത്തെ വെളിവാക്കികൊടുക്കുക എന്നത് മാത്രമാണ്. വിവിധ സംസ്കാരത്തിൽ നിൽക്കുന്നവർക്ക്, അവർക്ക് ഇഷ്ടപ്പെടുന്ന ചേരുവകൾ ചേർത്ത് ഗുരുക്കന്മാർ പറഞ്ഞിട്ടുള്ളവയാണ് അവയോരോന്നും. അവ വായിക്കുമ്പോൾ അവയിൽ എവിടെയെങ്കിലും നമ്മുടെ മനസ്സ് ഉടക്കി നിൽക്കും. അതിൽ കൂടി മുന്നോട്ട് പോകുവാനുള്ള മാർഗ്ഗം അവർ പറഞ്ഞുവച്ചിരിക്കുന്നു. ഒരേ സംഭവം തന്നെ, ഒരു കുട്ടിക്കും ഒരു പക്വത വന്ന കുട്ടിക്കും, ഒരു യുവാവിനും, പ്രായം ചെന്ന ഒരാൾക്കും വിവരിച്ചു കൊടുക്കുന്നത് ഒരേ രീതിയിലല്ല. അവരവർക്ക് രസിക്കുന്ന രീതിയിൽ വിവരിക്കണം. അവരവർക്കിഷ്ടമുള്ള കാര്യങ്ങൾ ചേർത്താണ് നമ്മൾ പറയുക. ഈ സംഭവം എന്തിനിങ്ങനെ പരത്തി പറയുന്നു എന്ന് ഒരാൾക്ക് തോന്നാം. അങ്ങിനെ പറഞ്ഞെങ്കിൽ മാത്രമേ ആ വ്യക്തിക്ക് അത് പൂർണ്ണമായും മനസ്സിലാക്കാൻ കഴിയൂ. അതിന് ആ കുട്ടിയുടെ തലത്തിൽ നമ്മൾ ചെല്ലണം. മുതിർന്ന ഒരു വ്യക്തി തന്റെ തലം വച്ചു കൊണ്ട് കുട്ടിയുടെ മാനസിക തലത്തെ വിലയിരുത്തുവാൻ പാടില്ല. അതിനാൽ പുരാണങ്ങൾ കെട്ടുകഥകളായി തോന്നാമെങ്കിലും അവയിൽ കൂടി വെളിവാകുന്ന തത്ത്വം, ഏതു തരത്തിലുള്ളവർക്ക് വേണ്ടിയാണെന്നറിയുമ്പോൾ ഋഷികളുടെ ദീർഘദൃഷ്ടിയിൽ നമ്മൾ അതിശയിക്കും. ഇതു മാത്രമല്ല, ഋഷികൾ ഭാവിയിൽ നടക്കാൻ പോകുന്ന കാര്യങ്ങളെ വളരെ വ്യക്തമായി പുരാണങ്ങളിൽ വിവരിച്ചിട്ടുണ്ട്. അതു മനസ്സിലാക്കിയാൽ തന്നെ, പുരാണങ്ങളോടുള്ള നമ്മുടെ പുച്ഛം നീങ്ങി കിട്ടും. ഭാഗവതത്തിൽ കലിയുഗത്തെ വർണ്ണിച്ചിരിക്കുന്നത് നോക്കുമ്പോൾ ഇതറിയാൻ കഴിയും. എത്രയോ നൂറ്റാണ്ടുകൾ മുമ്പ് രചിച്ചതാണ് ഭാഗവതം, എന്നാൽ ഇന്ന് നമുക്കു ചുറ്റും നടക്കുന്ന സംഗതികൾ അതിൽ വിവരിച്ചിരിക്കുന്നു. കലിയുഗത്തിൽ ആണും പെണ്ണും തിരിച്ചറിയില്ല എന്നെഴുതിയിരിക്കുന്നു. ഇന്ന് ആണിനേയും പെണ്ണിനേയും പലപ്പോഴും തിരിച്ചറിയാൻ പ്രയാസം. വസ്ത്രധാരണം ഒരു പോലെയായി, പുരുഷന്മാരും മുടി വളർത്താൻ തുടങ്ങി. പെണ്ണുങ്ങൾ മുടി കുറയ്ക്കാനും. വാസ്തവത്തിൽ പുരാണഗ്രന്ഥങ്ങളേയും സ്മൃതിഗ്രന്ഥങ്ങളേയും മുഖ്യ പ്രമാണമായി ശാസ്ത്രം കണക്കാക്കുന്നില്ല. എന്നിട്ടു കൂടി അവയിൽ പറഞ്ഞിരിക്കുന്നത് അക്ഷരംപ്രതി സംഭവിച്ചു കൊണ്ടിരിക്കുന്നു.

അവർ പറഞ്ഞു, ധർമ്മം വിടുമ്പോൾ കാലാവസ്ഥ മാറി മറിയും. മഴ സമയത്തിനു ലഭിക്കില്ല. വരൾച്ച കൂടും, കൃഷിയൊക്കെ നശിക്കും. പട്ടിണി വർദ്ധിക്കും. തനയനെ ജനകനറിയില്ല. തള്ളമാർ മക്കളെ വിൽക്കാനും മടിക്കില്ല.

പാർവ്വതിയുടെ കഥ ഇതാണ് കാട്ടിത്തരുന്നത്. പാർവ്വതി ചോദിക്കുന്നു, പുത്രനാണോ വിശപ്പാണോ വലുതെന്ന്. ശിവൻ, വിശപ്പാണെന്ന് പറയുമ്പോൾ പാർവ്വതി സമ്മതിക്കില്ല. പെട്ടെന്ന് ശിവൻ അപ്രത്യക്ഷനാകും. പാർവ്വതിക്ക് വിശപ്പ് വർദ്ധിച്ചിട്ട് സഹിക്കുന്നില്ല. കഴിക്കാൻ യാതൊന്നുമില്ല. തളർന്നു വീഴുമെന്നായി, കുട്ടിയേയും കൊണ്ടു നടക്കുകയാണ്. പെട്ടെന്ന് ഒരു മരത്തിന്റെ ചില്ലയിൽ ഒരു പഴം കണ്ടു. താഴെ നിന്ന് എത്ര ശ്രമിച്ചിട്ടും അത് പറിക്കാൻ കഴിയുന്നില്ല. പല വട്ടം ചാടി നോക്കിയിട്ടും സാധിക്കുന്നില്ല. വിശപ്പു കാരണം, മരിക്കുമെന്നായി. പാർവ്വതി മകനെ താഴെ നിർത്തിയിട്ട്, അവന്റെ മുകളിൽ കയറി നിന്ന് ആ പഴം പറിക്കുവാൻ ശ്രമിക്കുകയാണ്. പെട്ടെന്ന് ശിവൻ പ്രത്യക്ഷമാകും, സാഹചര്യങ്ങൾ എല്ലാം പഴയ പോലാകും. വാസ്തവത്തിൽ ഈ കഥയിലൂടെ ഋഷിമാർ ഒരു തത്ത്വം വെളിവാക്കിത്തരുകയാണ്. വിശപ്പ് വന്നാൽ സ്വന്തം മക്കളെ ഭക്ഷിക്കാനും മടിക്കില്ല എന്ന്.

മനുഷ്യനിൽ ധർമം വിടുമ്പോൾ പ്രകൃതിയുടെ താളലയം നഷ്ടമാകും. നമ്മൾ, എടുക്കുന്ന സംസ്കാരത്തിൽ നിന്ന് കൊടുക്കുന്ന സംസ്കാരത്തിലേക്ക് വരണം. അതാണ് പ്രകൃതിയുടെ ധർമ്മം. എന്നാൽ മനുഷ്യൻ അവന്റെ സ്വാർത്ഥത കാരണം കൊടുക്കുക എന്ന ധർമ്മം മറന്നു കഴിഞ്ഞു. അതിന്റെ കഷ്ടതകളാണ് അവനനുഭവിക്കുന്നത്. കൃഷി പണം ഉണ്ടാക്കുവാൻ വേണ്ടി മാത്രമുള്ളതായാൽ പ്രകൃതിയുടെ താളലയത്തെ അത് നശിപ്പിക്കും. കൃഷി മനുഷ്യന്റെ ആഹാരത്തിനുള്ള ഉപാധിയാകണം. പണസമ്പാദനമാകരുത് ലക്ഷ്യം. ഭക്ഷണം മനുഷ്യന് മാത്രമല്ല, പക്ഷിമൃഗാദികൾക്കും വേണ്ടതാണ്. വിത്തു വിതയ്ക്കുന്നതിലൂടെയാണ് വിളവു ലഭിക്കുന്നത്. ഇതിൽ കൂടി കൊടുക്കുന്നതിലാണ് നേട്ടമെന്ന് നമ്മളറിയണം. കൃഷിയെ പണത്തിനുള്ള ഉപാധിയാക്കുമ്പോൾ, പ്രകൃതിയെ എതു വിധേനയും ചൂഷണം ചെയ്യുവാൻ സ്വാർത്ഥനായ മനുഷ്യൻ മടിക്കില്ല. ഇതിൽ കൂടി നൂറ് കണക്കിന് ജീവജാലങ്ങളുടെ അന്ത്യമാണ് സംഭവിക്കുന്നത്. അവസാനം അവനവന്റെ തന്നെ അന്ത്യത്തിനു് അത് വഴി തെളിക്കും. പക്ഷിമൃഗാദികളേയും വൃക്ഷലതാദികളേയും ആശ്രയിക്കാതെ മനുഷ്യനു മാത്രമായി ഒരു നിലനിൽപ്പ് സാധ്യമാണോ? സ്വാർത്ഥതയുടെ തിമിരം ബാധിച്ചത് മുലം ഇതറിയുവാനുള്ള കണ്ണ് ഇന്നുള്ളവർക്ക് നഷ്ടമായിരിക്കുന്നു.

**ചോദ്യം: നിലവിളക്കു കത്തിക്കുന്നതും അഗ്നിയിൽ നെയ്യും മറ്റും ഹോമിക്കുന്നതും ഈശ്വരനു മാലയർപ്പിക്കുന്നതുമെല്ലാം പണം ദുർവ്യയം ചെയ്യലല്ലേ?**

**അമ്മ:** ഓട്ടുവിളക്കിൽ എണ്ണയൊഴിച്ചു കത്തിക്കുന്നതു് അന്തരീക്ഷശുദ്ധിക്കു നല്ലതാണ്. അതിന്റെ പുക പ്രകൃതിയെ ശുദ്ധീകരിക്കുന്നു. അതു കത്തുമ്പോഴുണ്ടാകുന്ന പുക നാരങ്ങയിൽ എടുത്തു് സ്ത്രീകൾ കണ്ണിൽ എഴുതാറുണ്ട്. കണ്ണിലെ പോളകളിലെ കൃമികളെ അതു നശിപ്പിക്കുന്നു. മണ്ണെണ്ണയും മറ്റും കത്തിയുണ്ടാകുന്ന പുകപോലെയല്ല അത്. പണ്ടുകാലങ്ങളിൽ അരുണിയുരസിയാണു തീയുണ്ടാക്കിയിരുന്നത്. അതു തീപ്പെട്ടി കത്തിക്കുന്നതുപോലെയല്ല. ഇങ്ങനെ പണ്ടു കാലങ്ങളിൽ ചെയ്തിരുന്ന ഓരോന്നും പ്രകൃതിയുടെ താളലയം നിലനിർത്താൻ പോരുന്ന വിധമായിരുന്നു. ഒന്നും പ്രകൃതിയെ ദുഷിപ്പിക്കുന്നതായിരുന്നില്ല.

നമ്മൾ ചെടി നടുന്നതിലൂടെ പ്രകൃതിയെ സംരക്ഷിക്കുകയാണു ചെയ്യുന്നത്. അതിലെ പുഷ്പം ഇറുത്തു ദേവനു സമർപ്പിക്കുമ്പോൾ മനസ്സിനു് ഏകാഗ്രത ലഭിക്കുന്നു. മനസ്സ് അല്പനേരത്തേക്കെങ്കിലും നിശ്ചലാവസ്ഥയെ പ്രാപിക്കുന്നു. മനസ്സിന്റെ ടെൻഷൻ ഒഴിവാകുന്നു.

**ചോദ്യം: അലങ്കാരം? ക്ഷേത്രങ്ങളിൽ വിഗ്രഹങ്ങളുടെ മേൽ ഇത്ര വിലകൂടിയ അലങ്കാരങ്ങൾ ചാർത്തുന്നതെന്തിനാണ്.**

**അമ്മ:** പണ്ടു രാജാക്കന്മാരെയായാണല്ലോ ജനങ്ങൾ ദൈവമായി കണ്ടിരുന്നത്. രാജാവ് എല്ലാ അലങ്കാരങ്ങളോടുംകൂടി സിംഹാസനത്തിൽ സേവകരോടു കൂടിയാണു കഴിയുന്നത്. പ്രജകൾക്കു വേണ്ടതെല്ലാം നല്കുന്നതു രാജാവാണ്. അപ്പോൾ രാജാവിനും രാജാവായിരിക്കുന്ന ഈശ്വരനെ, ഭൂമിയിലുള്ള സർവ്വജീവരാശികൾക്കു വേണ്ടതെല്ലാം നല്കുന്ന ഈശ്വരനെ ഏതു രീതിയിൽ കാണണം. ജനങ്ങൾ രാജാധിരാജനായി കാണാൻ ശ്രമിച്ചു. എല്ലാവിധ അലങ്കാരങ്ങളോടും കൂടി കണ്ടു. മനസ്സിനു ഭാവന ചെയ്യാവുന്നത്രയും അവർ ഭാവന ചെയ്തു. അതിൽ എന്താണു തെറ്റ്. സർവ്വരെയും കാത്തുരക്ഷിക്കുന്ന ഈശ്വരനെ അങ്ങനെയല്ലാതെ പിന്നെ എങ്ങനെയാണു കാണാൻ കഴിയുക.

**ചോദ്യം: മനുഷ്യജീവിതത്തിൽ ഈശ്വരവിശ്വാസത്തിന്റെ ആവശ്യമെന്താണ്?**

**അമ്മ:** പലരും പറയാറുണ്ട് ജീവിതത്തിൽ എന്തിനാണ് ഈശ്വരന് സ്ഥാനം നൽകുന്നത്. അതില്ലാതെയും ജീവിക്കാൻ പറ്റില്ലേ എന്ന്. ജീവിക്കാൻ കഴിയും, പക്ഷെ പ്രതിസന്ധികളുടെ മുന്നിൽ പതറാതെ ഉറച്ച കാൽവയ്പ്പുകളോടെ മുന്നോട്ട് പോകണമെങ്കിൽ, നമ്മൾ ഈശ്വരനെ ആശ്രയിച്ചു തന്നെ പോകണം. അവിടുത്തെ പാത പിന്തുടരുവാൻ നമ്മൾ തയ്യാറാകണം.

ഈശ്വരനെ കൂടാതെയുള്ള ജീവിതം, രണ്ടു വക്കീലന്മാർ മാത്രമായി വാദിക്കുന്നത് പോലെയാണ്. വാദം എങ്ങും എത്തുകയില്ല. വാദത്തിനു തീർപ്പു കല്പിക്കണമെങ്കിൽ ജഡ്ജി അത്യാവശ്യമാണ്. ജഡ്ജിയില്ലാതെ വാദം തുടർന്നാൽ വാദിക്കാനല്ലാതെ വിധി പറയുവാൻ കഴിയില്ല.

**ചോദ്യം: നാമജപം കൊണ്ടുള്ള പ്രയോജനം എന്താണ്?**

**അമ്മ:** ഓടുന്ന കോഴിയുടെ പിന്നാലെ അതിനെപ്പിടിക്കാൻ വേണ്ടി ഓടിയാൽ, ഓടി ക്ഷീണിക്കാം എന്നല്ലാതെ പ്രയോജനമില്ല. അതു് ഓടിയകലും. എന്നാൽ അതിനിഷ്ടമുള്ള തീറ്റ കാണിച്ചാൽ അതു് അടുത്തേക്കു വരും. വേഗം പിടിക്കാനാകും. ഇതുപോലെ ഓടിനടക്കുന്ന മനസ്സിനു പിന്നാലെ പാഞ്ഞാൽ പിടിക്കാനാവില്ല. അതിനാണു മന്ത്രജപം. ഇന്നു നമ്മുടെ മനസ്സു പല വസ്തുക്കളുടെ പിന്നാലെ പായുന്നു. അതിനെ ഈശ്വരനുമായി ബന്ധിക്കുവാനുള്ള എളുപ്പ മാർഗ്ഗമാണു മന്ത്രജപം. പരസ്യം പാടില്ല എന്ന ആറക്ഷരം മതിലിൽ എഴുതിവയ്ക്കുന്നതിലൂടെ മറ്റു പരസ്യങ്ങൾ അവിടെനിന്നും ഒഴിവാക്കാൻ കഴിയും. പരസ്യം പാടില്ല എന്നതും പരസ്യംതന്നെയാണ്. എന്നാൽ അതുകൊണ്ടു വലിയ ഒരു കാര്യം സാധിക്കുന്നു. ഇതേപോലെയാണു മന്ത്രജപവും. മന്ത്രജപിക്കുന്ന സമയം മറ്റുചിന്തകൾ ഒഴിവായി കിട്ടുന്നു. ഇതിലൂടെ ചിന്തകൾ മൂലമുള്ള ടെൻഷൻ ഇല്ലാതകുന്നു. മനസ്സിനു ശുദ്ധികൈവരുന്നു. സർവ്വരെയും തന്നെപ്പോലെ തന്നു് കണ്ടു സ്നേഹിക്കാനും സേവിക്കാനും കഴിയുന്നു.

എന്നാൽ ഇതൊന്നുമില്ലാതെ ആരാണോ ജീവിതം ലോകത്തിനു സമർപ്പിക്കാൻ തയ്യാറാകുന്നതു് അവരുടെ പാദം കഴുകി വെള്ളം കുടിക്കുവാൻ അമ്മ തയ്യാറാണ്. തന്നെത്തന്നെ ലോകത്തിനു സമർപ്പിക്കുവാനുള്ള ഒരു മനസ്സു ലഭിക്കുവാനുള്ള അഭ്യാസമാണിതെല്ലാം

ചിലർക്കു മൗനമായി വായിച്ചു പഠിക്കുന്നതാണിഷ്ടം. ചിലർക്കു് ഉറക്കെ വായിച്ചാലേ മനസ്സിലാകൂ. എല്ലാവരും ഒരുപോലെയാകണം എന്നു പറയാൻ പറ്റില്ലല്ലോ.

ഒരു മോൻ വന്നു പറയുകയാണു് അവനു ഭജനകൾ ഇഷ്ടമല്ലെന്ന്. അമ്മ ചോദിച്ചു: 'മോനെ, നിനക്കു നിന്റെ കൂട്ടുകാരിയോടു സംസാരിക്കുന്നതു് ഇഷ്ടമല്ലേ? എത്ര മണിക്കൂർ വേണമെങ്കിലും സംസാരിക്കില്ലേ? അതുപോലെയാണു ഞങ്ങൾക്കു ഭജന പാടുന്നതും. അതു ഞങ്ങൾക്കു് ഈശ്വരനോടുള്ള സംസാരമാണ്. ഞങ്ങളുടെ കാമുകിയും കാമുകനും എല്ലാമാണ്.

ഭജന ഭക്തന്റെ ഉള്ളിലെ രതിയാണ്. എല്ലാവരുടെയും ഉള്ളിൽ രതിയുണ്ട്. അതറിഞ്ഞാൽ പുറത്തെ രതി തേടി പോകില്ല. വീട്ടിൽ വേണ്ട ഭക്ഷണം കിട്ടിയാൽ പുറത്തു തേടിപ്പോകുമോ?

**ചോദ്യം: കൃഷ്ണൻ ഗോപികമാരുമായി രാസക്രീഡ നടത്തിയതു ചിലർ അശ്ലീലമായി ചിത്രീകരിക്കുന്നുവല്ലോ?**

**അമ്മ:** കൃഷ്ണനു പത്തു പന്ത്രണ്ടു വയസ്സുള്ളപ്പോഴാണു ഗോപികമാരുമായുള്ള നൃത്തമെല്ലാം. അതിൽ അശ്ലീലം കണ്ടെത്തുന്നവരുടെ മനസ്സു് എത്ര ദുഷിച്ചതായിരിക്കും. ഭഗവാൻ പതിനായിരത്തിയെട്ടു ഭാര്യമാരെ സ്വീകരിച്ചു എന്നു പറയുന്നു. ഇന്നത്തെക്കാലത്തു രണ്ടു ഭാര്യമാരെ വച്ചു സമാധാനത്തോടെ ജീവിക്കുവാൻ എത്ര പുരുഷന്മാർക്കു സാധിക്കും. അപ്പോൾ കൃഷ്ണൻ ഒരു അസാധാരണ വ്യക്തിയല്ലെ! ഈശ്വരനാണെന്നു കരുതുന്നതിൽ തെറ്റൊന്നുമില്ലല്ലോ.

കൃഷ്ണൻ അപഹരിച്ചതു ഗോപികളുടെ ഹൃദയമാണ്. അതാണു് അവിടുത്തെ ചിത്തചോരൻ എന്നു വിളിക്കുന്നത്.

താൻ ഭഗവാനാണു തനിക്കിന്നതു മാത്രമേ ചെയ്യാൻ കഴിയൂ എന്നു പറഞ്ഞു് അവിടുന്നിരുന്നില്ല. എല്ലാ സാഹചര്യത്തിനും അനുസരിച്ചു് അവിടുന്ന് ആടി. അണിഞ്ഞ ഏതു വേഷവും നന്നായി അഭിനയിച്ചു. ഒരു കുറവുമില്ലാതെ.

**ചോദ്യം: ആണും ആണും തമ്മിലുള്ള ജീവിതത്തിൽനിന്നാണു് അയ്യപ്പൻ ജനിച്ചതു് എന്നുപറയുന്നതിലെ യുക്തി എന്താണ്.**

**അമ്മ:** പാലാഴി കടഞ്ഞപ്പോൾ അമൃതു വന്നു. അതു അസുരന്മാർ അപഹരിച്ചു. അതു തിരിച്ചു വാങ്ങുവാനായി വിഷ്ണു മോഹിനീ വേഷം കെട്ടി. അമൃതു ദേവന്മാർക്കു തിരിച്ചു കിട്ടുകയും ചെയ്തു. അതിനുശേഷം പരമശിവനു വിഷ്ണുവിന്റെ മോഹിനി വേഷം ഒന്നു കാണണമെന്നു് ആഗ്രഹം. ആ ആഗ്രഹം സാധിക്കാനായി വിഷ്ണു വീണ്ടും മോഹിനി വേഷം കെട്ടിയെന്നും അതിൽ പരമശിവൻ മോഹിച്ചു എന്നുമാണല്ലോ കഥ. ഈ കഥയിൽക്കൂടി ഒരു തത്ത്വം പറയുകയാണ്. പുരുഷൻ സ്ത്രീവേഷം കെട്ടിയാൽപ്പോലും ആരും മോഹിച്ചുപോകും. അത്ര വശീകരണശക്തി സ്ത്രീരൂപത്തിനുണ്ട്. അതിനാൽ സാധകനു സ്ത്രീയിൽ അത്ര ജാഗ്രത പുലർത്തണം.

അയ്യപ്പൻ മോഹിനിയുടെ തുടയിൽനിന്നും ജനിച്ചു എന്നാണു പറയുന്നത്. അപ്പോൾ യോനീപുത്രനല്ല അയ്യപ്പൻ. അതു വേറൊരു സൃഷ്ടിയാണ്. അതിനാൽ അയ്യപ്പൻ

ആത്മാവിന്റെ, മനസ്സിന്റെ സൃഷ്ടിയാണെന്നു പറയാം. കാമനിയന്ത്രണത്തിന്റെ സങ്കല്പമാണത്. കാമനിയന്ത്രണത്തിലൂടെ സംഭവിക്കുന്ന സൃഷ്ടി ലോകത്തിന് ഉപകാരപ്രദമാകും എന്നാണ് അയ്യപ്പന്റെ കഥ. ഇന്നു നാനാജാതി മതസ്ഥരും ഏകോദര സഹോദരങ്ങളെപ്പോലെ കഠിനവ്രതം സ്വീകരിച്ചു പോകുന്ന സ്ഥലമാണ് അയ്യപ്പന്റെ വാസസ്ഥാനമായ ശബരിമല.

മറ്റൊന്നു പണ്ടു വൈഷ്ണവരും ശൈവരും തമ്മിൽ വലിയ കലഹമായി. ഇവരെ ഐക്യമാക്കുവാനായി പ്രചരിപ്പിച്ച ഒരു കഥ കൂടിയാണിത്. ശിവനെയും വിഷ്ണുവിനെയും ചേർത്ത് ഒരു കഥ. അതിൽ ജനിച്ച പുത്രൻ അയ്യപ്പൻ. അപ്പോൾ രണ്ടു കൂട്ടർക്കും യോജിച്ചു നില്ക്കുവാൻ ഒരു സ്ഥലമായി. ഇന്നും എല്ലാ വ്യത്യാസങ്ങളും മറന്ന്, എല്ലാവരും ഒന്നു ചേരുന്ന സ്ഥലമാണു ശബരിമല.

**ചോദ്യം: മതപരിവർത്തനത്തെക്കുറിച്ച് അമ്മയുടെ അഭിപ്രായം എന്താണ്?**

**അമ്മ:** അത് അവരവർ തീരുമാനിക്കേണ്ട കാര്യമാണ്. ശരിയോ തെറ്റോ എന്നു അമ്മ പറയില്ല. ഒരു ക്രിസ്ത്യാനി ക്രിസ്ത്യാനിയായിത്തന്നെ ജീവിക്കാനേ പറയൂ. വിദേശത്തു ചെല്ലുമ്പോൾ പല മക്കളും വന്നു ക്രിസ്തുമതം വേണ്ട ഹിന്ദുമതത്തിൽ ചേരണം എന്നു പറയാറുണ്ട്. ഇത്തവണ പാക്കിസ്ഥാനിൽനിന്നും വന്ന ഒരു മസ്ലീം മോൾ വന്നു ഹിന്ദുവാകണം എന്നു പറഞ്ഞു. അമ്മ സമ്മതിച്ചില്ല. ഏതു മതത്തിൽ നില്ക്കുന്നുവോ അതിൽത്തന്നെ ഉറച്ചുനില്ക്കുവാനാണു പറഞ്ഞത്. അമ്മക്കാരെയും മതംമാറ്റി വേണ്ട; അവനവനാരെന്നറിഞ്ഞാൽ മതി. അവനവനെ അറിയാതെ പോകുന്നതാണു വിഡ്ഢിത്തം.

ക്രിസ്ത്യാനിമക്കൾക്കു ക്രിസ്തുവിന്റെ മന്ത്രം കൊടുക്കും. പ്രേമം, കാരുണ്യം, ദയ, തുടങ്ങിയ ഗുണങ്ങൾ ജീവിതത്തിലുണ്ടായാൽ മതി. നിങ്ങൾക്കു ശാന്തി അനുഭവിക്കാൻ കഴിയും എന്നാണമ്മ പറയുന്നത്. ഇതിനു മതം മാറേണ്ട ആവശ്യമില്ല.

**ചോദ്യം: മതം മാറിയാൽ അസുഖം മാറുമെന്നു പറയുന്നതിനെക്കുറിച്ച് എന്താണു പറയുവാനുള്ളത്?**

**അമ്മ:** എല്ലാ മതത്തിലും അസുഖമുള്ളവരുണ്ട്. കഷ്ടതകളനുഭവിക്കുന്നവരുണ്ട്. അവരവരുടെ മതത്തിൽത്തന്നെ വിശ്വസിച്ചു പ്രാർത്ഥിക്കാൻ മാത്രമേ അമ്മ പറയൂ. ഏത് മതവിശ്വാസികൾക്കിടയിലാണ് രോഗികൾ ഇല്ലാത്തത്. ദരിദ്രരില്ലാത്തത്. എല്ലാ മതങ്ങളിലും രോഗികളുണ്ട്. യോഗ്യരും അയോഗ്യരുമുണ്ട്. അതിനാൽ ഇപ്പറയുന്നതിൽ അർത്ഥമില്ല.

മതം മാറിയതുകൊണ്ടോ, ക്ഷേത്രം വിട്ടു പള്ളിയിൽപോയതുകൊണ്ടോ മാത്രം രോഗം മാറി, അല്ലെങ്കിൽ ജോലികിട്ടി എന്നു പറയുകയാണെങ്കിൽ, ആ മതങ്ങളിൽ രോഗമുള്ളവരും ജോലിയില്ലാത്തവരും കാണാൻ പാടില്ല. ആ മതസ്ഥർ ആശുപത്രി സ്ഥാപിക്കുന്നതെന്തിനാണ്, അന്യമതസ്ഥരെമാത്രം ചികിത്സിക്കാനാണോ? അവരുടെ പുരോഹിതന്മാർക്കു് അസുഖം വരുന്നതു പ്രാർത്ഥനയ്ക്കു ശക്തിയില്ലാഞ്ഞിട്ടാണോ? മതം മാറിയാൽ ഭൗതിക നേട്ടം സംഭവിക്കും എന്നും മറ്റുമുള്ള പ്രചരണങ്ങൾ തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി മനുഷ്യന്റെ അജ്ഞതയെ മുതലെടുക്കുകയാണ്. അവരുടെ സ്വാർത്ഥതാല്പര്യങ്ങൾക്കു മറ്റുള്ളവർ ഇരയാകണോ എന്നു ചിന്തിക്കണം. അല്പകാലത്തെ നേട്ടം കൊണ്ടു മാത്രം ജീവിതത്തിൽ എല്ലാമാകുന്നില്ല എന്നു നമ്മൾ അറിയണം.

നമ്മുടെ വിശ്വാസം എവിടെയാണോ, അവിടെ ഇരുന്നു കൊണ്ട് ഉണരുക. അതിനു മറ്റുള്ളവരേയും അനുവദിക്കുക. ഇതാണ് ശരിയായ വീക്ഷണം. അതാണ് വിശാലമായ അദ്ധ്യാത്മികമായ കാഴ്ചപ്പാട്. മറ്റുള്ളത് സ്വാർത്ഥതയുടെ മന്ത്രമാണ്. അത് മനുഷ്യനെ ഈശ്വരനിലേയ്ക്കെത്തിക്കുകയില്ല. കാരണം, അവിടുന്ന് നിസ്വാർത്ഥനും വിശാലമനസ്കനും ആണ്. അതിനാൽ അവിടുത്തെക്കുള്ള പാതയും അതുതന്നെ. മറിച്ചുള്ളത് നമ്മളെ ഈശ്വരനിൽ നിന്നും അകറ്റുക മാത്രമേ ഉള്ളൂ.

മതം മാറാനാളുള്ളതുകൊണ്ടല്ലേ മതം മാറ്റാൻ ആളുവരുന്നത്. പലയിടത്തും വെട്ടുംകുത്തും നടത്തുന്നു. ഇതിന്റെയൊക്കെ ആവശ്യമെന്താണ്. ഈശ്വരൻ ഒന്നേയുള്ളൂ. പല പേരിൽ അറിയപ്പെടുന്നു എന്നുമാത്രം. ഈശ്വരന്റെ മതത്തിന്റെ പേരിൽ ആരും മരിക്കല്ലെ മക്കളെ ജീവിക്കാൻ പഠിക്കൂ.

**ചോദ്യം: ചില ഭവനങ്ങളിൽച്ചെന്നു ഹിന്ദു ദേവീദേവന്മാരുടെ ചിത്രം മാറിയിട്ടു ക്രിസ്തുവിന്റെ ചിത്രം വയ്ക്കുവാൻ പ്രേരിപ്പിക്കുന്നു?**

**അമ്മ:** ക്രിസ്തു പറഞ്ഞതു നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്നല്ലെ അപ്പോൾ ഫോട്ടോ എടുത്തു മാറ്റുന്നതെന്തിനാണ്.

പിന്നെ പിതാവും പുത്രനും പരിശുദ്ധാത്മാവും ഞാൻതന്നെ എന്നു പറയുമ്പോൾ എല്ലാം അതിൽ വരുന്നില്ലെ. പിന്നെ എന്തിനെയാണു മാറ്റി നിർത്തുവാൻ കഴിയുക.

**ചോദ്യം: ഹിന്ദുമതത്തിലെ ദേവതകൾ പിശാചാണു് എന്നുപറയുന്നു?**

**അമ്മ:** എന്റെ മതം മാത്രം ശരി, നിന്റേതു തെറ്റ് എന്നു പറയുമ്പോഴാണു പ്രശ്നം. അങ്ങനെ പറയാതിരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. പരസ്പരം സ്നേഹിക്കുക അന്യോന്യം നാശം വിതറാതിരിക്കുക. സത്യം ഒന്നു മാത്രമേയുള്ളൂ. എല്ലാവരും ആ സത്യത്തിലേക്കുണരുക. സ്വന്തം മതത്തെക്കുറിച്ചു നന്നായി പഠിക്കുക. അതനുസരിച്ചു ജീവിക്കുവാൻ ശ്രമിക്കുക. നമ്മളെല്ലാവരും ഭാരതമാതാവിന്റെ മക്കളാണ്, എല്ലാ മതത്തിൽപ്പെട്ടവരും ഹിന്ദുക്കളെപ്പോലെതന്നെ ഇവിടെയുള്ള ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഭാരതാംബയുടെ സന്തതികളാണ്. പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. അങ്ങനെ ഈശ്വരകൃപയ്ക്കു പാത്രമായിത്തീരുക. മതത്തിന്റേതായ പേരിൽ പരസ്പരം കലഹിക്കാതെ, തീവ്രവാദികളാകാതെ അന്യോന്യം സ്നേഹിക്കുക, സമാധനാനത്തോടെ ജീവിക്കുക.

**ചോദ്യം: ഹിന്ദുദൈവങ്ങൾ പാമ്പിനെ കഴുത്തിലണിയുന്നതും പാമ്പിൻ പുറത്തു കിടക്കുന്നതുമെല്ലാം കാണുന്നു. ഇവയുടെ അർത്ഥമെന്താണ്.**

സർപ്പം കുണ്ഡലിനി ശക്തിയുടെ പ്രതീകമായിട്ടാണ് പറയുന്നത്, ഒപ്പം ബാഹ്യമായി കാമത്തിന്റെ പ്രതീകമായിട്ടും പറയുന്നു. ഒരേ ശക്തിയുടെ തന്നെ വിവിധ ഭാവങ്ങളെയാണ് ഇത് സൂചിപ്പിക്കുന്നത്. നമ്മിളിലെ ശക്തിയെ ഭൗതികാഗ്രഹങ്ങളുടെ സഫലതയ്ക്കായി പുറമേയ്ക്ക് പ്രയോഗിക്കുമ്പോൾ ശക്തി ക്ഷയിക്കുന്നു. അതിൽ കൂടി വമിക്കുന്നത് വിഷമാണ്. എന്നാൽ അതേ ശക്തിയെ അന്തർമുഖമായി സാധനയിലൂടെ ഈശ്വരാന്വേഷണത്തിനു വേണ്ടി വിനിയോഗിക്കുമ്പോൾ കുണ്ഡലിനി ശക്തിയായി ഉണർന്ന് ഊർദ്ധ്വഗതിയെ പ്രാപിക്കുന്നു. ആങ്ങനെയുള്ളവർ അമരത്വത്തെ പ്രാപിക്കുന്നു.